VIII. നിയമനിർമ്മാണകാര്യം

[ചെയറിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. പി. ജെ. ജോയി]

(1) 2005-ലെ കേരള സെൽഫ് ഫൈനാൻസിംഗ് പ്രൊഫഷണൽ കോളേജസ് (പ്രൊഹിബിഷൻ ഓഫ് ക്യാപ്പിറ്റേഷൻ ഫീസ് ആന്റ് പ്രൊസീജിയർ ഫോർ അഡ്മിഷൻ ആന്റ് ഫിക്സേഷൻ ഓഫ് ഫീസ്) അമെന്റ്മെന്റ് ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

വിദ്യാഭ്യാസ വകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ)*: 2005-ലെ കേരള സെൽഫ് ഫൈനാൻസിംഗ് പ്രൊഫഷണൽ കോളേജസ് (പ്രൊഹിബിഷൻ ഓഫ് ക്യാപ്പിറ്റേഷൻ ഫീസ് ആന്റ് പ്രൊസീജിയർ ഫോർ അഡ്മിഷൻ ആന്റ് ഫിക്സേഷൻ ഓഫ് ഫീസ്) അമെന്റ്മെന്റ് ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുള്ള സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റുമെന്റും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ : ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ)*: 2005-ലെ കേരള സെൽഫ് ഫൈനാൻസിംഗ് പ്രൊഫഷണൽ കോളേജസ് (പ്രൊഹിബിഷൻ ഓഫ് ക്യാപ്പിറ്റേഷൻ ഫീസ് ആന്റ് പ്രൊസീജിയർ ഫോർ അഡ്മിഷൻ ആന്റ് ഫിക്സേഷൻ ഓഫ് ഫീസ്) അമെന്റ്മെന്റ് ബിൽ സോഷ്യൽ സർവ്വീസസ് സംബന്ധിച്ച VI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂവും നിയമവും വകുപ്പുമന്ത്രി *(ശ്രീ. കെ. എം. മാണി)*: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ)*: സർ, ഞാൻ കൂടുതൽ സംസാരിക്കുന്നില്ല. മാനേജുമെന്റ് ക്വാട്ടയിലുള്ള പതിനഞ്ച് ശതമാനം സീറ്റ് എന്നായിരുന്നു മുമ്പ് ഉണ്ടായിരുന്നത്. അത് മാനേജുമെന്റ് ക്വാട്ടയിൽനിന്നും 15 എണ്ണം എന്നാക്കി മാറ്റുകയാണ്. മെറിറ്റിൽ നമ്മൾ തൊടുന്നില്ല.

Shri P. Jayarajan: I move that –"This House resolves to disapprove The Kerala Self Financing Professional Colleges (Prohibition of Capitation Fees and Procedure for Admission and Fixation of Fees) Amendment Ordinance, 2005 (Ordinance No. 10 of 2005)".

LIBRARY ARCHIVES Kerala Legislative Assembly

സർ, ഈ ബിൽ 2005-ലെ കേരള സ്വാശ്രയ പ്രൊഫഷണൽ കോളേജുകൾ ക്യാപിറ്റേഷൻ ഫീസ് നിരോധിക്കലും പ്രവേശനവും നടപടിക്രമവും ഫീസ് നിശ്ചയിക്കലും ബിൽ ആയിട്ടാണ് കൊണ്ടുവന്നിട്ടുള്ളത്. നിലവിലുള്ള ആക്റ്റിലെ മൂന്നാം വകുപ്പ് നാലാം ഉപവകുപ്പിലെ ക്ലിപ്ത നിബന്ധന പ്രകാരം മാനേജുമെന്റുകൾക്ക് അവരുടെ ഇച്ഛാനുസരണം മാനേജുമെന്റ് ക്വാട്ടയിലെ 15 ശതമാനത്തിൽ കൂടാത്ത സീറ്റുകൾ പ്രവാസി ഇൻഡ്യക്കാരുടെ ആശ്രിതർക്കായി നീക്കിവയ്ക്കാവുന്നതാണ്. പ്രസ്തുത ആക്റ്റിലെ മൂന്നാം വകുപ്പ് രണ്ടാം ഉപവകുപ്പ് പ്രകാരം ഓരോ ശാഖയിലെയും മൊത്തം സീറ്റിന്റെ 50% സർക്കാർ ക്വാട്ട ആയിരിക്കേണ്ടതും ശേഷിക്കുന്ന 50% മാനേജുമെന്റ് ക്വാട്ട ആയിരിക്കേണ്ടതുമാണ്. പ്രവാസി ഇൻഡ്യക്കാരുടെ ആശ്രിതർക്കായി മാനേജുമെന്റ് ക്വാട്ടയിൽ 15 സീറ്റിൽ കൂടാത്ത സീറ്റുകൾ നീക്കിവയ്ക്കാൻ കഴിയുംവിധം പ്രസ്തുത ക്ലിപ്ത നിബന്ധന ഭേദഗതി ചെയ്യുന്നതിനാണ് ഇപ്പോൾ ഈ ബിൽ കൊണ്ടുവന്നിട്ടുള്ളത്. ഇത് മുൻകാല പ്രാബല്യത്തോടുകൂടിയാണ് കൊണ്ടുവരുന്നത്. ഈ ബില്ലിന്റെ ഉദ്ദേശ കാരണങ്ങൾ വായിച്ചുകഴിഞ്ഞാൽ ഇത് സ്വാശ്രയ മാനേജുമെന്റുകൾക്ക് 15% എന്നത് മാറ്റിയിട്ട് 15-ൽ കവിയാത്ത സീറ്റുകൾ എന്നാക്കി മാറ്റുമ്പോൾ മാനേജുമെന്റുകൾക്ക് എന്തോ നിയന്ത്രണം ഏർപ്പെടുത്തുന്നു എന്നൊരു തോന്നലാണ് ഉണ്ടാവുക. യഥാർത്ഥത്തിൽ സ്വാശ്രയ സ്ഥാപനങ്ങളുടെ മാനേജുമെന്റുകൾക്ക് കൂടുതൽ സീറ്റുകൾ കച്ചവടം ചെയ്യാനുള്ള ഒരു സൗകര്യമാണ് ഇതുസംബന്ധിച്ച് ഉണ്ടാകുന്നത്. അപ്പോൾ 100 സീറ്റുകൾ ഉള്ളതിൽ 50 സീറ്റുകൾ മാനേജുമെന്റ് ക്വാട്ടയാണെങ്കിൽ ആ മാനേജുമെന്റ് ക്വാട്ടയിൽ 15% എന്നുപറയുന്നത് 8 സീറ്റ് വരും. ഇപ്പോൾ യഥാർത്ഥത്തിൽ 15 സീറ്റുകൾ സ്വാശ്രയ മാനേജുമെന്റുകൾക്ക്, എൻ.ആർ.ഐ.യുടെ ആശ്രിതൻമാർക്ക് കൊടുക്കാൻ വേണ്ട സൗകര്യം കൊടുക്കുകയാണ്. ആശ്രിതൻമാർ എന്നത് യഥാർത്ഥത്തിൽ നിർവ്വചിച്ചിട്ടില്ല. അപ്പോൾ എൻ.ആർ.ഐ.-കാർ നിർദ്ദേശിക്കുന്ന ആർക്കും ഈ 15 സീറ്റുകൾ ലക്ഷക്കണക്കിന് രൂപയ്ക്ക് കച്ചവടം ചെയ്യാനുള്ള സൗകര്യമാണ് ഉണ്ടായിട്ടുള്ളത്. യഥാർത്ഥത്തിൽ ഈ ഓർഡിനൻസ് വരുന്നതിന് മുൻപ് തന്നെ ഗൾഫ് നാടുകളിൽ ഇതിന്റെ ലേലം വിളി നടന്നുകഴിഞ്ഞിരിക്കുകയാണ്. യഥാർത്ഥത്തിൽ വിദ്യാഭ്യാസ കച്ചവടത്തിന്റെ ശരിയായിട്ടുള്ള ഒരു മേഖലയാണ് തുറക്കുന്നത്. അതുകൊണ്ടാണ് ഞാൻ ഈ ബില്ലിന്റെ നിരാകരണ പ്രമേയം ഇവിടെ അവതരിപ്പിക്കുന്നത്. ഇന്നലെ വിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ട് രണ്ട് ബില്ലുകൾ നമ്മൾ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കുകയുണ്ടായി. അതിന്റെ മറുപടിയുമായി ബന്ധപ്പെട്ടുകൊണ്ട് വിദ്യാഭ്യാസ വകുപ്പുമന്ത്രി ചില അവകാശവാദങ്ങൾ ഉന്നയിക്കുകയുണ്ടായി. യഥാർത്ഥത്തിൽ ഇന്ന് കേരളത്തിന്റെ വിദ്യാഭ്യാസ മേഖല പരിശോധിക്കുന്ന അവസരത്തിൽ നമ്മൾ ഇങ്ങനെ ബില്ലുകൾ കൊണ്ടുവരുന്നു. സ്വാശ്രയ സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം നിയന്ത്രണം ഏർപ്പെടുത്താനുള്ള ഉദ്ദേശത്തോടുകൂടി എന്നു പറഞ്ഞിട്ട് ബില്ലുകൾ കൊണ്ടു വരുന്നുണ്ട്. പക്ഷേ യഥാർത്ഥത്തിൽ വർക്കബിളായിട്ടുള്ള, പ്രാവർത്തികമാക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

കഴിയുന്ന നിയമമാണോ നമ്മൾ പാസ്സാക്കുന്നത് എന്നത് ഗൗരവപൂർവ്വം ആലോചിക്കണം. ഈ ബിൽ കൊണ്ടുവരാൻ ഉദ്ദേശിക്കപ്പെട്ടത് പഴയ ആക്ടിന്റെ ഒരു ഭേദഗതിയായിട്ടാണ്, സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിൽ ക്യാപ്പിറ്റേഷൻ ഫീസ് നിരോധിക്കലും പ്രവേശനത്തിനുള്ള നടപടിക്രമങ്ങളും ഫീസ് നിശ്ചയിക്കലും കൊണ്ടുവന്നത്. യഥാർത്ഥത്തിൽ ഇന്നു കേരളത്തിലെ സ്വാശ്രയ പ്രൊഫഷണൽ സ്ഥാപനങ്ങളിൽ ക്യാപ്പിറ്റേഷൻ ഫീസ് ഇല്ല എന്നു നെഞ്ചത്ത് കൈവച്ച് പറയാൻ ഈ സഭയിലുള്ള ആർക്കെങ്കിലും കഴിയുമോ? ക്യാപ്പിറ്റേഷൻ ഫീസ് ഇന്നുണ്ട്. ഇപ്പോൾ ബി.ഡി.എസ്.-ന് 10 ലക്ഷം രൂപയും 15 ലക്ഷം രൂപയും ക്യാപ്പിറ്റേഷൻ ഫീസ് വാങ്ങുകയാണ്. ക്യാപ്പിറ്റേഷൻ ഫീസ് നിയമപ്രകാരം നിരോധിച്ചിട്ടുണ്ട്. അപ്പോൾ നമ്മൾ ഇത്തരം ബില്ലുകൾ കൊണ്ടുവന്ന് പാസ്സാക്കുന്ന അവസരത്തിൽ അത് പ്രാവർത്തികമാക്കാൻ കഴിയണം. എന്നാൽ അത് പ്രാവർത്തികമാക്കാൻ കഴിയുന്നില്ല. ക്യാപ്പിറ്റേഷൻ ഫീസ് നിരോധിച്ചിട്ടുണ്ട്. ഞാൻ ഇവിടെ സൂചിപ്പിച്ചതുപോലെ ബി.ഡി.എസ്.-ന് 10 മുതൽ 15 ലക്ഷം രൂപ വരെയും എം.ബി.ബി.എസ്. സീറ്റുകൾക്കാണെങ്കിൽ 25 ലക്ഷം മുതൽ 35 ലക്ഷം രൂപ വരെയും ക്യാപ്പിറ്റേഷൻ ഫീസ് വാങ്ങിച്ചുകൊണ്ടാണ് കേരളത്തിലെ സ്വാശ്രയ പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇന്ന് നടന്നുകൊണ്ടിരിക്കുന്നത്. ഇത് വിദ്യാഭ്യാസ മന്ത്രിയുടെ വകുപ്പിന്റെ കീഴിലാണ്. യഥാർത്ഥത്തിൽ വിദ്യാഭ്യാസ കച്ചവടമാണ് കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്നത് എന്ന ആക്ഷേപം 100 ശതമാനം ശരിയാണ് എന്നു സ്ഥാപിക്കപ്പെടുകയാണ്. ഇവിടെ ഇന്നലെ വിദ്യാഭ്യാസ മന്ത്രി ഒട്ടേറെ അവകാശവാദങ്ങൾ ഉന്നയിക്കുകയുണ്ടായി. ലോകത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റം, വിജ്ഞാന രംഗത്തുണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റം, ആ മാറ്റത്തിനനുസരിച്ച് മനുഷ്യ വിഭവശേഷിയെ നമ്മൾ പരുവപ്പെടുത്തിയെടുക്കേണ്ടതുണ്ട്. അതിനുവേണ്ടി യു.ഡി.എഫ്. ഗവൺമെന്റ് കൊണ്ടുവന്നിട്ടുള്ള സ്വാശ്രയ വിദ്യാഭ്യാസ നയത്തിന്റെ ഫലമായി വളരെയധികം നേട്ടം ഉണ്ടായിട്ടുണ്ടെന്നാണ് വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇവിടെ അവകാശപ്പെട്ടത്. അദ്ദേഹം ഇന്നലെ പറയുകയുണ്ടായി, ഈ വിജ്ഞാന കേന്ദ്രങ്ങളായിട്ടുള്ള ഒരു വിദ്യാഭ്യാസ രീതി കേരളത്തിൽ കൊണ്ടു വരണം. ലോകത്തൊട്ടാകെ ഉണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റത്തിന്റെ പശ്ചാത്തലത്തിൽ വിജ്ഞാന തൊഴിലാളിയെ സൃഷ്ടിക്കത്തക്ക നിലയിൽ നമ്മൾ ഇവിടുത്തെ വിദ്യാഭ്യാസ സമ്പ്രദായത്തിൽ തന്നെ മാറ്റം വരുത്തേണ്ടിയിരിക്കുന്നു, അത് കാലത്തിന്റെ ആവശ്യമാണെന്നൊക്കെ അവകാശപ്പെടുകയുണ്ടായി. ലോകത്ത് ഉണ്ടായിട്ടുള്ള മാറ്റത്തിന്റെ ഭാഗമായിട്ടാണ് ഇത്തരം വാദങ്ങൾ ഉന്നയിക്കപ്പെടുന്നത്. ഇപ്പോൾ യഥാർത്ഥത്തിൽ നമ്മുടെ വിദ്യാഭ്യാസം എന്നു പറയുന്ന ഈ സേവന തുറയിൽ ഗവൺമെന്റിന്റെ മുതൽമുടക്ക് പടിപടിയായി കുറഞ്ഞുകൊണ്ടിരിക്കുകയാണ്. അത് കേരളത്തിലെ യു.ഡി. എഫ്. ഗവൺമെന്റിന്റെ കണ്ടുപിടുത്തമല്ല. യു.ഡി.എഫ്. ഗവൺമെന്റ് തന്നെ യഥാർത്ഥത്തിൽ ലോക വ്യാപകമായി ലോക ബാങ്കും മറ്റും മുന്നോട്ടുവയ്ക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

നിർദ്ദേശങ്ങളുടെ ആജ്ഞാനുവർത്തിയായിട്ടാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത് എന്ന് നമുക്ക് കാണാൻ കഴിയും. ലോക ബാങ്ക് തന്നെ പറഞ്ഞിട്ടുണ്ട്, വികസ്വര രാഷ്ട്രങ്ങൾ അവരുടെ ധനകമ്മി കുറയ്ക്കുന്നതിന്റെ ഭാഗമായി വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ സേവന തുറകളിൽ ഗവൺമെന്റിന്റെ മുതൽമുടക്ക് അവസാനിപ്പിക്കണം, എന്നിട്ട് വിദ്യാഭ്യാസ ചെലവുകൾ വിദ്യാർത്ഥികളിൽ നിന്നു വസൂലാക്കിക്കൊണ്ട് നിർവ്വഹിക്കണം എന്ന്. ഇവിടെ അതിനുവേണ്ടി ബംഗാളിലെ ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രീ. കാന്തിവിശ്വാസിന്റെ അഭിപ്രായങ്ങൾ ഉദ്ധരിച്ചു. അദ്ദേഹം ഒന്നാമതായി പറഞ്ഞത് ഇത് അക്കാദമിക്കായിട്ടുള്ള സ്വയംഭരണത്തിനുവേണ്ടിയിട്ടാണ് എന്നാണ്. യഥാർത്ഥത്തിൽ ലോക ബാങ്കും മറ്റും നിർദ്ദേശിക്കുന്നത് സാമ്പത്തികമായിട്ടുള്ള സ്വയംഭരണത്തിനു മേൽക്കൈ നേടണം, വിദ്യാഭ്യാസ മേഖലയിൽ സാമ്പത്തികമായിട്ടുള്ള സ്വയംഭരണം നിർവ്വഹിക്കത്തക്കനിലയിലുള്ള വിദ്യാഭ്യാസം ഈ സ്ഥാപനങ്ങളിൽ കൊണ്ടുവരണം. എന്നാൽ ശ്രീ. കാന്തിവിശ്വാസ് അടക്കമുള്ള പുരോഗമന വീക്ഷണമുള്ള ആളുകൾ നിർദ്ദേശിക്കുന്നത് അക്കാദമിക്കായിട്ടുള്ള സ്വയംഭരണത്തിനു പ്രാമുഖ്യം കൊടുക്കണം. അതിന്റെ കീഴെ ഈ മാറ്റങ്ങളുടെ അടിസ്ഥാനത്തിൽ, മാറ്റങ്ങൾ വന്ന സാഹചര്യത്തിൽ എങ്ങനെ നമുക്ക് വിദ്യാഭ്യാസ മേഖലയെ മുന്നോട്ട് കൊണ്ട് പോകണം എന്നത് ഗൗരവപൂർവ്വം നമ്മൾ ചർച്ച ചെയ്യണം. ഇപ്പോൾ ലോക ബാങ്കും മറ്റും നിർദ്ദേശിക്കുന്ന മുറയ്ക്ക് വിദ്യാഭ്യാസ ചെലവ് പൂർണ്ണമായിട്ടും വിദ്യാർത്ഥികൾ വഹിക്കണമെന്നതിനു പകരം ഈ സാഹചര്യത്തിൽ നമുക്ക് എങ്ങനെ പ്രവർത്തിക്കാൻ പറ്റും എന്നുള്ള പ്രായോഗികമായിട്ടുള്ള ഒരു നിലപാട് നമ്മൾ സ്വീകരിക്കണം. എന്നാൽ വികസിത രാജ്യങ്ങളിൽ എന്താണ് അവസ്ഥ? അവിടെ വിദ്യാഭ്യാസ ചെലവിന്റെ 25 ശതമാനത്തിന് അപ്പുറം വിദ്യാർത്ഥികൾ നിർവ്വഹിക്കുന്നില്ല. രാഷ്ട്രം തന്നെ അതിന് ആവശ്യമായിട്ടുള്ള സഹായം കൊടുക്കുകയാണ്. യഥാർത്ഥത്തിൽ 1986-ൽ രാജീവ് ഗാന്ധിയുടെ ഗവൺമെൻറ് കൊണ്ടുവന്ന പുതിയ വിദ്യാഭ്യാസ നയത്തോടുകൂടിയാണ് ഈ സ്വാശ്രയ സ്ഥാപനങ്ങൾ ആരംഭിക്കത്തക്ക നിലയിൽ ഒരു മാറ്റം ഇന്ത്യാ രാജ്യത്ത് ഉണ്ടായിട്ടുള്ളത്. നേരത്തെ ഒന്നാം പഞ്ചവൽസര പദ്ധതി മുതൽ ഇങ്ങോട്ടുള്ള പദ്ധതികൾ നമ്മൾ നോക്കുമ്പോൾ ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഗവൺമെന്റിന്റെ മുതൽമുടക്ക് വളരെയധികമാണ്. വിദ്യാഭ്യാസ മേഖലയിലുള്ള ചെലവിന്റെ 22 മുതൽ 25 ശതമാനം വരെ വിവിധ പഞ്ചവൽസര പദ്ധതികളിൽ മുടക്കിയിട്ടുള്ള സ്ഥാനത്ത് ഇപ്പോൾ അത് കുറഞ്ഞുകൊണ്ടിരിക്കുകയാണ്. രാജീവ് ഗാന്ധിയുടെ പുതിയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായിട്ടാണ് ഇത്തരം ഒരു മാറ്റം വന്നത്. ആ മാറ്റത്തിന്റെ സാഹചര്യത്തിൽ കേന്ദ്ര ഗവൺമെന്റ് അത്തരം ഒരു നയം അംഗീകരിച്ച സാഹചര്യത്തിൽ, സംസ്ഥാന ഗവൺമെന്റുകൾ എന്ത് നിലപാട് സ്വീകരിക്കണം? ഇവിടെ ഇടതുപക്ഷ ജനാധിപത്യ മുന്നണിയും യു.ഡി.എഫും തമ്മിലുള്ള വ്യത്യാസം എന്താണ്? ഇടതുപക്ഷ

ജനാധിപത്യമുന്നണി ഈ സാഹചര്യത്തിൽ പൂർണ്ണമായി സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ പാടില്ല എന്ന് പറഞ്ഞിട്ടില്ല. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഒരു നയം സ്വീകരിച്ചു. ലോകത്ത് ഉണ്ടായിരിക്കുന്ന മാറ്റത്തിന്റെ അടിസ്ഥാനത്തിൽ ഇന്ത്യയിൽ വന്നിട്ടുള്ള നയംമാറ്റത്തെ അടിസ്ഥാനപ്പെടുത്തി നിങ്ങൾ എന്ത് നിലപാട് സ്വീകരിക്കണം? അതിനാണ് എൽ.ഡി.എഫ്. ഗവൺമെൻറ് അന്ന് പറഞ്ഞത് സാമൂഹിക നിയന്ത്രണത്തോടുകൂടിയുള്ള സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആകാം. അതാണ് എൽ.ഡി.എഫ്. ഗവൺമെന്റിന്റെ സമീപനം. അപ്പോൾ വിജ്ഞാനരംഗത്ത് വന്നിട്ടുള്ള മാറ്റത്തെ ഉൾക്കൊണ്ടുകൊണ്ട് നമ്മുടെ കേരളത്തിലെ വിദ്യാഭ്യാസ സൗകര്യങ്ങൾ വർദ്ധിപ്പിക്കണം. ഗവൺമെന്റിന് പൂർണ്ണമായി മുതൽമുടക്കാൻ കഴിയുകയില്ല. അതിന് സാമൂഹിക നിയന്ത്രണത്തോടുകൂടി സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആകാം എന്നാണ് എൽ.ഡി.എഫ്. ഗവൺമെന്റിന്റെ നിലപാട്. എന്നാൽ യു.ഡി.എഫ്. ഗവൺമെന്റിന്റെ സമീപനം എന്താണ്? പൂർണ്ണമായി വിദ്യാഭ്യാസ കച്ചവടക്കാർക്ക് സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ വിട്ടുകൊടുത്തു. സാമൂഹികമായിട്ടുള്ള നിയന്ത്രണങ്ങൾ പൂർണ്ണമായി ഇല്ലാതാക്കി. അതിന്റെ ദുരന്തമാണ് കേരളത്തിൽ വരുന്നത്. രജനിയെപ്പോലുള്ള ഒരു പട്ടികജാതി വിദ്യാർത്ഥി പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസ് കെട്ടിടത്തിനു മുകളിൽ.....

മി. സ്പീക്കർ: നമ്മൾ രാവിലെ 11.30 മുതൽ ഒരു മണിക്കൂർ ഡിസ്ക്കഷനാണ് തീരുമാനിച്ചിട്ടുള്ളത്. സ്വാഭാവികമായും ഇത് ഇങ്ങനെ തുടങ്ങിയതുകൊണ്ട് ആ ടൈം ഷെഡ്യൂൾ സഭയുടെ സെൻസ് അനുസരിച്ച് മാറ്റിയിരിക്കുകയാണ്.

ശ്രീ. പി. ജയരാജൻ: സർ, അപ്പോൾ ഗവൺമെന്റിന്റെ നയത്തിൽനിന്നു വ്യത്യസ്തമായി സാമൂഹിക നിയന്ത്രണത്തോടുകൂടിയുള്ള സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, അത് എൽ.ഡി.എഫ്.ഗവൺമെന്റിന്റെ കാലത്ത് ആരംഭിച്ചിട്ടുണ്ട്. ഐ.എച്ച്.ആർ.ഡി., കെ.എസ്.ആർ.ടി.സി. അതുപോലെ തന്നെ C A P E ഇതെല്ലാം തന്നെ നടത്തിയിട്ടുണ്ട്. പരിയാരം മെഡിക്കൽ കോളേജിനെ ആ നിലയ്ക്ക് കാണാൻ പറ്റില്ല. മറ്റേത് സഹകരണ ഡിപ്പാർട്ടുമെന്റിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലാണ്. പരിയാരം മെഡിക്കൽ കോളേജാണെങ്കിൽ അത് പൂർണ്ണമായി ഒരു സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനമാണ്. സർക്കാരിന്റെ പണം മുടക്കിക്കൊണ്ട് സർക്കാർ നൽകിയിട്ടുള്ള സ്ഥലത്ത് ആരംഭിച്ചിട്ടുള്ള ഒരു മെഡിക്കൽ കോളേജ്. അത് പൂർണ്ണമായി സഹകരണ വകുപ്പുമന്ത്രി ശ്രീ. എം. വി. രാഘവന്റെ നേതൃത്വത്തിലുള്ള ഒരു കമ്പനി നടത്തുന്നതുപോലെയുള്ള ഒരു സ്ഥാപനമാണ്. അതും C A P E-ഉം തമ്മിൽ വ്യത്യാസമുണ്ട്. യഥാർത്ഥത്തിൽ സഹകരണ മേഖലയിലും കെ.എസ്.ആർ.ടി.സി. യുടെ നേതൃത്വത്തിലും ഐ.എച്ച്.ആർ.ഡി.യുടെ നേതൃത്വത്തിലും ആരംഭിച്ചത് സാമൂഹികമായ നിയന്ത്രണത്തിലുള്ള വിദ്യാഭ്യാസ സ്ഥാപനമാണ്. സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനമാണ്. ആ

LIBRARY ARCHIVES Kerala Legislative Assembly

സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെമേൽ സാമൂഹികമായിട്ടുള്ള നിയന്ത്രണം പൂർണ്ണമായിട്ടുണ്ട്. എന്നാൽ യു.ഡി.എഫ്. ഗവൺമെന്റ് എന്താണ് ചെയ്തത്? ശ്രീ. എ. കെ. ആന്റണി വന്നപ്പോൾ അദ്ദേഹം ഒരു നയം ഇവിടെ പ്രഖ്യാപിച്ചു. ആ നയം എന്താണ്? അപേക്ഷിക്കുന്ന സ്വാശ്രയ സ്ഥാപനങ്ങൾക്ക് എല്ലാംതന്നെ എൻ.ഒ.സി. കൊടുക്കുക എന്ന നിലപാടാണ് യു.ഡി.എഫ്. സ്വീകരിച്ചത്. ഇപ്പോഴത്തെ അവസ്ഥ എന്താണ്? ഇന്നിപ്പോൾ വിദ്യാഭ്യാസ വകുപ്പുമന്ത്രി പറയുന്നത് കേരളത്തിന്റെ അവസരങ്ങൾ വർദ്ധിച്ചിരിക്കുന്നു. മറ്റ് സംസ്ഥാനങ്ങളിൽ പോയിട്ട് ഉന്നത വിദ്യാഭ്യാസം നേടേണ്ട വിദ്യാർത്ഥികൾക്ക് കേരളത്തിൽ കൂടുതൽ അവസരങ്ങൾ ഉണ്ടായിരിക്കുന്നു. ഇപ്പോൾ എന്താണ് കേരളത്തിന്റെ അവസ്ഥ? എഞ്ചിനീയറിംഗ് മേഖലയിൽ കഴിഞ്ഞ കൊല്ലം മൂവായിരത്തിലധികം സീറ്റുകൾ ഒഴിഞ്ഞു കിടന്നു. യഥാർത്ഥത്തിൽ ഈ കേരളത്തിലെ മാറിയിട്ടുള്ള സാഹചര്യത്തിൽ മനുഷ്യ വിഭവശേഷിയെ ഉപയോഗപ്പെടുത്തുന്നതിനുവേണ്ടി എത്ര വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആവശ്യമുണ്ട്? അതിനുതക്ക നിലയ്ക്കുള്ള ഒരു പഠനം നടത്തിയിട്ടില്ല, ആവശ്യമുള്ളവർക്കെല്ലാം എൻ.ഒ.സി. കൊടുക്കത്തക്ക നിലയിൽ എല്ലാ കച്ചവടക്കാർക്കും ലാഭം കൊയ്യാൻവേണ്ടി ഇങ്ങോട്ടു വരാം, നിങ്ങൾ മുതൽമുടക്കു എന്നുപറഞ്ഞ് വിദ്യാഭ്യാസ മേഖല വിട്ടുകൊടുക്കുകയാണ്. അങ്ങനെ വിദ്യാഭ്യാസ മേഖല വിട്ടുകൊടുക്കുവാൻ പറ്റുമോ? വിദ്യാഭ്യാസം എന്നു പറയുന്നത് വളരെ ശ്രദ്ധിച്ചു കൈകാര്യം ചെയ്യേണ്ട ഒരു മേഖലയാണ്. രാജ്യത്തിന്റെ സാമ്പത്തികവും സാമൂഹികവും സാംസ്കാരികവുമായിട്ടുള്ള വികസനത്തിന് നിർണ്ണായകമായ പങ്കാണ് വിദ്യാഭ്യാസത്തിനുള്ളത്. അദ്ധ്യാപകരെയും ചരിത്രകാരനേയും ഡോക്ടറേയും സൈക്കോളജിസ്റ്റിനേയും സമൂഹത്തിനു സംഭാവന ചെയ്യുന്നത് വിദ്യാഭ്യാസ മേഖലയാണ്. ആ വിദ്യാഭ്യാസ മേഖലയിൽ മുതൽ മുടക്കുന്നവർക്ക് സാമൂഹികമായിട്ടുള്ള വീക്ഷണം ഉണ്ടാകണം. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഈ സ്വകാര്യ വിദ്യാഭ്യാസ മാനേജുമെന്റുകൾക്കെല്ലാം എതിരാണെന്നു പറയുന്നത് ശരിയല്ല. അത് വസ്തുതയല്ല. കേരളത്തിലെ വിദ്യാഭ്യാസ മേഖലയിൽ സാമൂഹികമായ വീക്ഷണത്തോടുകൂടി, സേവന സന്നദ്ധതയോടുകൂടി പ്രവർത്തിക്കുന്ന ഒട്ടനവധി സ്വകാര്യ മാനേജുമെന്റുകൾ ഉണ്ടായിട്ടുണ്ട്. നമ്മുടെ രാജ്യത്തുള്ള ക്രിസ്തീയ മിഷനറിമാർ ഈ വിദ്യാഭ്യാസ മേഖലയിൽ നടത്തിയിട്ടുള്ള സേവനം ചെറുതാണോ? എനിക്കറിയാം, കണ്ണൂരിനെ സംബന്ധിച്ചിടത്തോളം പത്തൊമ്പതാം നൂറ്റാണ്ടിന്റെ മദ്ധ്യകാലത്തുതന്നെ ബാസൽ മിഷൻ ആരംഭിച്ചിട്ടുള്ള ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ നല്ല സേവനം കാഴ്ചവയ്ക്കുന്നുണ്ട്. ലബാറിന്റെ വിദ്യാഭ്യാസ മേഖലയിൽ പടിപോലും കയറാൻ അവകാശം നിഷേധിക്കപ്പെട്ട പിന്നോക്ക ജാതിക്കാർക്ക് വിദ്യാഭ്യാസത്തിന്റെ വാതായനം തുറന്നിട്ടുള്ള മഹത്തായ സേവന പ്രവർത്തനം നടത്തിയിട്ടുള്ള ക്രിസ്തീയ മാനേജുമെന്റുകളുണ്ട്. ആ അർത്ഥത്തിൽ സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേരളത്തിന്റെ വിദ്യാഭ്യാസ പുരോഗതിക്ക്, മനുഷ്യന്റെ സാമൂഹികവും സാംസ്കാരികവുമായിട്ടുള്ള അഭിവൃദ്ധിക്ക് ഒട്ടനവധി

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സംഭാവന ചെയ്തിട്ടുള്ള സ്ഥാപനങ്ങളുണ്ട്. കാരക്കോണം മെഡിക്കൽകോളേജ് ഇന്നിപ്പോൾ സി.എസ്.ഐ.യുടെ നേതൃത്വത്തിലാണ്. പക്ഷേ കാരക്കോണം മെഡിക്കൽ കോളേജിലുള്ള 44 വിദ്യാർത്ഥികളും ഇപ്പോൾ അവിടെ പന്തൽകെട്ടി സമരം നടത്തുന്നു. അവരെ മാനേജുമെന്റിന്റെ ഗുണ്ടകൾ ആക്രമിക്കുന്നു, ഭീഷണിപ്പെടുത്തുന്നു, അങ്ങനെ ഒരു സ്ഥിതി വരുന്നു. എന്താണ് അവരുടെ വിഷയം? നമ്മുടെ സഭ ഗൗരവപൂർവ്വം കേരളം ഗൗരവപൂർവ്വം പരിഗണിക്കേണ്ട ഒരു പ്രശ്നമാണ്. യു.ഡി.എഫ്. ഗവൺമെന്റിന്റെ വിദ്യാഭ്യാസ നയത്തിന്റെ ഫലമായിട്ട് ഞങ്ങൾ ഇങ്ങനെ അവസരം ഉണ്ടാക്കിയിരിക്കുന്നു കൂടുതൽ കുട്ടികൾക്ക് പ്രൊഫഷണൽ വിദ്യാഭ്യാസത്തിന് അവസരം ഉണ്ടാക്കിയിരിക്കുന്നു എന്ന് അവകാശപ്പെടുന്ന ഈ അവസരത്തിൽ ആ കുട്ടികൾ മെറിറ്റ് അടിസ്ഥാനത്തിൽ പ്രവേശനം നേടിയിട്ടുള്ള കുട്ടികളാണ്. മെറിറ്റ് സീറ്റിൽ അവർക്ക് കൊടുക്കുവാൻ ബാദ്ധ്യതപ്പെട്ട ഫീസ് എത്രയാണ്? സർക്കാർ ഫീസാണ്. അപ്പോൾ 2002-ൽ അവിടെ പ്രവേശനം നേടിയിട്ടുള്ള കുട്ടികൾ, പൂർണ്ണമായിട്ട് മെറിറ്റ് സീറ്റിൽ പ്രവേശനം നേടിയിട്ടുള്ള കുട്ടികൾ ഇന്ന് പതിനൊന്നു ലക്ഷം രൂപ ഫീസ് കൊടുത്തു പഠിക്കേണ്ട അവസ്ഥയിലെത്തിയിരിക്കുകയാണ്. അതിനെതിരായിട്ടാണ് കാരക്കോണം മെഡിക്കൽകോളേജിലെ വിദ്യാർത്ഥികൾ ഇന്ന് സമരം നടത്തിക്കൊണ്ടിരിക്കുന്നത്. ആ വിദ്യാർത്ഥികൾ ഗവൺമെന്റിന് നിവേദനം നൽകിയല്ലോ; ഈ ഗവൺമെന്റ് പറഞ്ഞു, ഇപ്പോഴും പറയുന്നത് രണ്ട് സ്വകാര്യ സ്വാശ്രയ പ്രൊഫഷണൽ കോളേജുകൾക്ക് സമം ഒരു ഗവൺമെന്റ് പ്രൊഫഷണൽ കോളേജ് എന്നാണ്. ആ തരത്തിൽ ഞങ്ങൾ ഫീസ് ക്രമീകരിക്കും ആനുകൂല്യങ്ങൾ ക്രമീകരിക്കും എന്നെല്ലാം വാഗ്ദാനം ചെയ്തിട്ട് എല്ലാവർക്കും എൻ.ഒ.സി. കൊടുത്ത് ആരംഭിച്ച വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഇന്നത്തെ അവസ്ഥ എന്താണ്? ഇപ്പോൾ യഥാർത്ഥത്തിൽ ഭസ്മാസുരന് വരം കൊടുത്തതുപോലെയായി ഈ ഗവൺമെന്റ് ആരംഭിച്ചിട്ടുള്ള സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ സേവനത്തിന്റേതായിട്ടുള്ള എല്ലാ കാര്യങ്ങളും മറന്നുകൊണ്ട് ഇപ്പോൾ എങ്ങനെ ലാഭമുണ്ടാക്കാം; ഞങ്ങൾ മുതൽമുടക്കിയിട്ടുണ്ട്; ആ മുതൽമുടക്കിന് കണക്കായിട്ടുള്ള ലാഭം ഞങ്ങൾക്ക് ഉണ്ടാകണം. അതുകൊണ്ടാണ് വിദ്യാഭ്യാസ കച്ചവടമാണ് കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്നത് എന്നു പറയുന്നത്.

ശ്രീ. കെ. പി. മോഹനൻ: സർക്കാർ നിയന്ത്രണത്തിലുള്ള, സഹകരണ അക്കാഡമിയുടെ കീഴിലുള്ള എഞ്ചിനീയറിംഗ് കോളേജുപോലെ മെറിറ്റ് സീറ്റുകളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികൾക്ക് സർക്കാർ ഇതിനകം നൽകിയിട്ടുള്ള ഫീസ് ആനുകൂല്യം 2003-2004 വർഷത്തിൽ ചേർന്ന കുട്ടികൾക്കു മാത്രം ഈ വർഷം മൊത്തമായി ലഭിച്ചിട്ടില്ല എന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഇത് തലശ്ശേരി എഞ്ചിനീയറിംഗ് കോളേജിലുണ്ട്. 2002-ൽ പ്രവേശനം ലഭിച്ചവർക്കും 2004-ൽ പ്രവേശനം ലഭിച്ചവർക്കും 2005-ൽ പ്രവേശനം ലഭിച്ചവർക്കും ആനുകൂല്യങ്ങളുണ്ട്. പക്ഷേ 2003-ൽ

പ്രവേശനം ലഭിച്ചവർക്കുമാത്രം ആനുകൂല്യങ്ങൾ കിട്ടുന്നില്ല എന്നുള്ളത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. ജയരാജൻ: തീർച്ചയായിട്ടും. അങ്ങനെ ഒട്ടനവധി വിവേചനങ്ങൾ കേരളത്തിലെ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിലനിൽക്കുകയാണ്. നമ്മൾ ഫീസ് ക്രമീകരിച്ചിട്ടുണ്ട്; ക്യാപിറ്റേഷൻ ഫീസ് നിരോധിച്ചിട്ടുണ്ട്; ഞങ്ങൾ നിയമം പാസ്സാക്കിയിട്ടുണ്ട്. അതുകൊണ്ടാണ് ഞാൻ നേരത്തേ പറഞ്ഞത്, നമ്മൾ ബിൽ പാസ്സാക്കുന്ന അവസരത്തിൽ അത് വർക്കബിൾ ആയിരിക്കണം. പ്രാവർത്തികമാക്കുവാൻ വേണ്ടി കഴിയണം. പ്രാവർത്തികമാക്കുവാൻ കഴിയാത്ത ബില്ലാണ് യഥാർത്ഥത്തിൽ നേരത്തേ നമ്മൾ പാസ്സാക്കിയത്. ഇപ്പോഴും നമ്മൾ പാസ്സാക്കുവാൻ ശ്രമിക്കുന്നത്. അതുകൊണ്ടാണ് ഞാൻ എന്റെ നിരാകരണ പ്രമേയം അവതരിപ്പിക്കുന്നത്. ഇവിടെ 2002-ൽ പ്രവേശനം കിട്ടിയിട്ടുള്ള കുട്ടികൾക്ക് ആനുകൂല്യം കിട്ടിയിട്ടില്ല എന്നുള്ള കാര്യം ബഹുമാനപ്പെട്ട ശ്രീ. കെ. പി. മോഹനൻ പറയുകയുണ്ടായി. 2003-ന്റെ കാര്യമാണ് ഞാൻ പറയുന്നത്. കാരക്കോണം മെഡിക്കൽ കോളേജിനെ സംബന്ധിച്ചിടത്തോളം 2002-ൽ മെറിറ്റ് സീറ്റിൽ പ്രവേശനം നേടിയിട്ടുള്ള കുട്ടികൾ സർക്കാർ ഫീസല്ല, മാനേജുമെന്റ് നിശ്ചയിക്കുന്ന ഫീസ് കൊടുക്കുവാൻ നിർബന്ധിക്കപ്പെടുന്നു. അവരാണ് ഇപ്പോൾ സമരം നടത്തിയിട്ടുള്ളത്. ഈ ബില്ലിന്റെ പരിധിയിൽ നിന്നുകൊണ്ടു മാത്രമാണ് ഞാൻ പറയുന്നത്. അല്ലാതെയൊന്നും പറയുന്നില്ല. വളരെ ഗൗരവപ്പെട്ട ഒരു വിഷയമാണ്. പതിനായിരക്കണക്കിനു വിദ്യാർത്ഥികളുടെ ഭാവിയെ ബാധിക്കുന്ന ഗൗരവപ്പെട്ട വിഷയമാണ് ഇവിടെ ഞാൻ ഉന്നയിക്കുന്നത്.

ശ്രീ. പി. സി. ജോർജ്ജ്: അദ്ദേഹം പറയുന്ന കാര്യം വളരെ പ്രസക്തിയുള്ള കാര്യമാണ്. ഈ സ്വാശ്രയ കോളേജ് തുടങ്ങിയപ്പോൾ വന്ന കാര്യം എന്താണെന്നുവച്ചാൽ, ഇവിടെ കഴിഞ്ഞ 24 ദിവസമായിട്ട് കാരക്കോണം മെഡിക്കൽകോളേജിൽ മെറിറ്റിൽ അഡ്മിഷൻ കിട്ടിയ കുട്ടികൾ 50 പേർ പുറത്തു നില്ക്കുകയാണ്. അങ്ങ് മനസ്സിലാക്കേണ്ടത് ജസ്റ്റിസ് കെ. ടി. തോമസ് കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 1,13,000 രൂപ കൊടുത്താൽ മതി. രണ്ടു വർഷം കൊണ്ട് 4,95,000 രൂപ നാണംകെട്ട പിടിച്ചുപറി മാനേജുമെന്റ് ആ കുട്ടികളുടെ കയ്യിൽനിന്നും പിടിച്ചുപറിച്ചു വച്ചിരിക്കുകയാണ്. ഇപ്പോൾ അവർ കൊടുത്തിട്ട് ഇരിക്കുകയാണ്. ഇതാണ് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. ആദ്യത്തെ വർഷം കൊടുക്കേണ്ടത് 2,55,165 രൂപ. രണ്ടാമത്തെ വർഷം കൊടുക്കേണ്ടത് 1,48,800 രൂപ. മൂന്നാമത്തെ വർഷം കൊടുക്കേണ്ടത് 4,56,000 രൂപ. നാലാമത്തെ വർഷം കൊടുക്കേണ്ടത് 4,56,000 രൂപ തന്നെ. അഞ്ചാം വർഷവും 4,56,000 രൂപ. അപ്പോൾ എത്ര രൂപ വരും. ഇത് മാനേജുമെന്റിന്റെ ഒപ്പിട്ട് ലോണിനു വേണ്ടി ബാങ്കിൽ കൊടുക്കുവാൻ കൊടുത്ത കടലാസാണ്. പിടിച്ചുപറി മാനേജുമെന്റ്

LIBRARY ARCHIVES Kerala Legislative Assembly

ആണെന്നുള്ളതിന് സംശയം വല്ലതുമുണ്ടോ? എല്ലാവരേയും ഭയപ്പെടുത്തുകയല്ലേ ഈ മാനേജുമെന്റ്? ഗവൺമെൻറ് സഹായത്തോടുകൂടിയാണ് ഇത് ചെയ്യുന്നത്. ഗവൺമെന്റ് കണ്ടില്ല എന്നുവച്ച് കണ്ണുംപൂട്ടി കുത്തിയിരിക്കുകയാണ്.

ശ്രീ. പി. ജയരാജൻ: വളരെ പ്രസക്തമായിട്ടുള്ള വിഷയമാണ് ബഹുമാനപ്പെട്ട അംഗം ശ്രീ. പി. സി. ജോർജ്ജ് ഇവിടെ ഉന്നയിച്ചിട്ടുള്ളത്. കെ. ടി. തോമസ് കമ്മിറ്റി മാനേജുമെന്റ് സീറ്റിൽ 5,60,000 രൂപ ഫീസ് നിശ്ചയിച്ച സ്ഥാനത്ത് എൻട്രൻസ് പരീക്ഷ എഴുതി കാരക്കോണം മെഡിക്കൽകോളേജിൽ 2002-ൽ പ്രവേശനം നേടിയിട്ടുള്ള കുട്ടികൾ 11 ലക്ഷം രൂപ ഫീസ് കൊടുക്കേണ്ടി വരുന്നു. മാനേജുമെന്റ് നോട്ടീസ് ബോർഡിൽ ഇട്ടിട്ടുള്ള നോട്ടീസിന്റെ ഭാഗമാണ് ശ്രീ. പി. സി. ജോർജ്ജ് ഇവിടെ വായിച്ചത്. വളരെ ഗൗരവപ്പെട്ട വിഷയമാണ്. കേരളത്തിലെ വിദ്യാഭ്യാസ പുരോഗതിക്ക് യു.ഡി.എഫ്. ഗവൺമെന്റ് നടപ്പിലാക്കിയിട്ടുള്ള സ്വാശ്രയ നയം ഉപകരിച്ചെന്ന് വിദ്യാഭ്യാസ മന്ത്രിക്ക് എങ്ങനെയാണ് അവകാശപ്പെടാൻ കഴിയുന്നത്? അദ്ദേഹം ഇവിടെ പറയുന്നത് അദ്ദേഹത്തിന്റെ മാത്രം അഭിപ്രായമല്ല. കേന്ദ്ര മാനവവിഭവശേഷി വകുപ്പും അതുപോലെതന്നെ യു.ജി.സി.യുമൊക്കെത്തന്നെ പല ഉത്തരവുകളും പുറപ്പെടുവിക്കുന്നതിനിടയിൽ കേന്ദ്ര ഗവൺമെന്റ് നിയമിച്ചിട്ടുള്ള ഒരു കമ്മിറ്റി റിപ്പോർട്ടുണ്ട്. ബിർല-അംബാനി റിപ്പോർട്ട്. ബിർല-അംബാനി റിപ്പോർട്ടിലെ ഒരു കാര്യമാണ് അദ്ദേഹം ഇവിടെ അവകാശപ്പെട്ടിരിക്കുന്നത്. ആ ബിർല-അംബാനി റിപ്പോർട്ട് എന്താണ്? വിദ്യാഭ്യാസ പരിഷ്കരണത്തിന്റെ നയരേഖ. ആ നയരേഖയിൽ പറയുന്ന കാര്യം എന്താണ്? സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ വ്യാപകമായി തുടങ്ങിയും സർക്കാർ എയ്ഡഡ് കോളേജുകളെ സ്വാശ്രയവത്കരണത്തിന് കളമൊരുക്കിയും സ്വയംഭരണകോളേജുകൾ ഡീംഡ് യൂണിവേഴ്സിറ്റികളാക്കാൻ പ്രോത്സാഹിപ്പിച്ചും സർവ്വകലാശാലാ മോഡൽ ആക്ട് തയ്യാറാക്കിയുമെല്ലാം നടപ്പിലാക്കിവന്ന സമഗ്ര കമ്പോളവത്കരണ പദ്ധതിക്ക് സാധൂകരണം നൽകുവാനാണ് ബിർല-അംബാനി റിപ്പോർട്ട് തയ്യാറായിട്ടുള്ളത്. ഇവിടെ ഇന്നലെ ബഹുമാനപ്പെട്ട മന്ത്രി ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ വളരെ വാചാലമായി സുന്ദരമായ വാക്കുകളോടെ അവതരിപ്പിച്ചത് ബിർള-അംബാനി റിപ്പോർട്ടിലെ ഭാഗങ്ങളാണ്. അദ്ദേഹം കേരളത്തെ രക്ഷിക്കാൻ എന്തോ കാര്യങ്ങൾ ചെയ്യുന്നു എന്ന് അവകാശപ്പെട്ടതായാണ് തോന്നിയത്. പക്ഷേ ബിർള-അംബാനി റിപ്പോർട്ടിൽ പറഞ്ഞതാണിത്. ലോക സമ്പദ്വ്യവസ്ഥയാകെ വിജ്ഞാന കേന്ദ്രങ്ങളായി മാറിയിരിക്കുകയാണ്. അത്തരം സമ്പദ്വ്യവസ്ഥയ്ക്ക് അനുസൃതമായി ഡോട്ട് കോം തലമുറയെ സൃഷ്ടിക്കുന്ന വിദ്യാഭ്യാസ സമ്പ്രദായം നടപ്പിലാക്കണം. അതുപോലെ വിദ്യാഭ്യാസ മേഖലയാകെ തന്നെ കമ്പോള കേന്ദ്രമാകണം. വിജ്ഞാനത്തൊഴിലാളികളെ സൃഷ്ടിക്കണം. എഴുപത് ശതമാനത്തിലേറെ കൃഷിക്കാർ ജീവിക്കുന്ന ഒരു രാജ്യമാണ്. പരമ്പരാഗത വ്യവസായത്തൊഴിലാളികൾ ലക്ഷക്കണക്കിനാണ്. തീർച്ചയായും ഈ

LIBRARY ARCHIVES Kerala Legislative Assembly

വിജ്ഞാന മേഖലയിൽ വന്നിട്ടുള്ള മാറ്റത്തെ ഉൾക്കൊണ്ടുകൊണ്ട് നമ്മുടെ വിദ്യാഭ്യാസ മേഖലയിൽ മാറ്റം വരുത്തണം. അതിൽ എൽ.ഡി.എഫ്.-ന് തർക്കമില്ല. പക്ഷേ ബിർല-അംബാനി റിപ്പോർട്ടിലെ വ്യവസ്ഥകൾ അതേപടി കേരളത്തിലെ വിദ്യാഭ്യാസ മേഖലയിൽ നടപ്പിലാക്കിയതിന്റെ ദുരന്തമാണ് നമ്മൾ അനുഭവിച്ചുകൊണ്ടിരിക്കുന്നത്. രജനിയുടെ ആത്മഹത്യ ഇതിന്റെ ഭാഗമാണ്. കാരക്കോണം മെഡിക്കൽ കോളേജിലെ വിദ്യാർത്ഥികൾ നടത്തിക്കൊണ്ടിരിക്കുന്ന സമരത്തെപ്പറ്റി ഇവിടെ പറഞ്ഞല്ലോ. 2002-ൽ സർക്കാർ എൻട്രൻസ് പരീക്ഷ എഴുതി മികച്ച നിലയിൽ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട വിദ്യാർത്ഥികൾ ഇപ്പോൾ 11 ലക്ഷം രൂപ ഫീസ് കൊടുക്കേണ്ട അവസ്ഥയിൽ എത്തിയിരിക്കുകയാണ്.

ശ്രീ. പി. സി. ജോർജ്ജ്: സർ, ഫസ്റ്റും സെക്കൻഡും തേർഡും റാങ്കുകൾ കിട്ടിയ കുട്ടികൾ പഠിക്കുന്ന സ്ഥാപനമാണ് കാരക്കോണം മെഡിക്കൽ കോളേജ്. അവിടെയാണ് മാനേജുമെന്റുകൾ പിടിച്ചുപറി നടത്തുന്നത്, കൊള്ള ചെയ്യുന്നത്. ഗവൺമെന്റ് കണ്ടില്ലെന്നു വച്ച് പോവുകയാണ്.

ശ്രീ. പി. ജയരാജൻ: ഈ നിവേദനത്തിന്റെ കാര്യം ഞാൻ ഒന്നുകൂടി പറയാം. 2002-ൽ രണ്ട് മെഡിക്കൽ കോളേജുകളിലാണ് പ്രവേശനം നടത്തിയത്. അമൃതാ കോളേജിലും കാരക്കോണം കോളേജിലും. അമൃതാ മെഡിക്കൽ കോളേജിൽ അഡ്മിഷൻ കിട്ടിയ കുട്ടികൾ 8,750 രൂപയാണ് ഫീസ് കൊടുക്കേണ്ടത്. അത് സർക്കാർ ഫീസാണ്. അമൃതാ കോളേജിൽനിന്ന് കാരക്കോണത്തേക്ക് ട്രാൻസ്ഫർ ചെയ്ത കുട്ടികൾ ഉണ്ട്. അവർ ഇപ്പോൾ 11 ലക്ഷം രൂപ കൊടുക്കേണ്ട അവസ്ഥയാണുള്ളത്. അപ്പോൾ ഗവൺമെന്റിന്റെ ആവശ്യകതയും യാഥാർത്ഥ്യബോധവും തമ്മിൽ എന്താണ് ബന്ധം? ക്യാപ്പിറ്റേഷൻ ഫീസിന്റെ കാര്യത്തിൽ ലേലം വിളികൾ നടന്നുകൊണ്ടിരിക്കുകയാണ്. എന്നിട്ട് കേരളത്തിലും വെളിയിലും ഗവൺമെന്റ് നാണംകെട്ട നിലയിൽ അറകാശവാദം ഉന്നയിക്കുകയാണ്. അന്യസംസ്ഥാനങ്ങളിലെ സ്വാശ്രയ സ്ഥാപനങ്ങളുടെ ആളുകൾ ഇവിടെ വന്ന് ക്യാമ്പ് ചെയ്തിട്ട് ഇത്തരത്തിൽ എതിർപ്പ് ഉന്നയിക്കുകയാണ്. യഥാർത്ഥത്തിൽ വിദ്യാഭ്യാസ കച്ചവടക്കാരുടെ നിയന്ത്രണത്തിലാണ് യു.ഡി.എഫ്. ഗവൺമെന്റ് എന്നതാണ് യാഥാർത്ഥ്യം.

ശ്രീ. പി. എസ്. സുപാൽ: സർ, പുറത്താക്കപ്പെട്ട വിദ്യാർത്ഥികൾ വളരെ പാവപ്പെട്ട വീടുകളിൽ നിന്നുവരുന്നവരാണ്. പുറത്താക്കപ്പെട്ട വിദ്യാർത്ഥികൾ ഒന്നും രണ്ടും റാങ്കുകൾ നേടിയവരാണ് എന്നുള്ളത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. ജയരാജൻ: തീർച്ചയായും. ഞാൻ അത് പറഞ്ഞു.

ശ്രീ. പി. സി. ജോർജ്ജ്: ഈ വർഷം കാരക്കോണം മെഡിക്കൽ കോളേജിലേക്ക് കൂടുതൽ വിദ്യാർത്ഥികളെ ആകർഷിക്കുന്നത് ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ വിജയിച്ച

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാപനം എന്നുള്ള നിലയിലാണ്. മെറിറ്റിൽ പഠിച്ച് പരീക്ഷയെഴുതിയ 42 കുട്ടികൾ ജയിച്ചു. കൈക്കൂലി കൊടുത്ത് പഠിച്ച മാനേജുമെന്റ് കോളേജിലെ 26 പേരും ജയിച്ചു. 42 കുട്ടികളുടെ വിജയം കൊണ്ടാണ് ഏറ്റവും നല്ല മെഡിക്കൽ കോളേജ് കാരക്കോണം മെഡിക്കൽ കോളേജാണ് എന്നുപറഞ്ഞ് കുട്ടികളെ ആകർഷിക്കുന്നത്. എന്നിട്ടാണ് 42 കുട്ടികളെ വഴിയാധാരമാക്കി കോളേജുകൾ ഗുണ്ടായിസം കൊണ്ട് നടത്തിക്കൊണ്ടിരിക്കുന്നത്.

ശ്രീ. പി. ജയരാജൻ: ബഹുമാനപ്പെട്ട ശ്രീ. എ. കെ. ആന്റണി യുത്ത് കോൺഗ്രസ്സിന്റെ നേതാവായ സമയത്ത് പറഞ്ഞിട്ടുള്ള മുദ്രാവാക്യം ഞാൻ ഓർക്കുകയാണ്. സ്വകാര്യ മാനേജുമെന്റുകൾക്ക്. മൂക്കുകയർ ഇടണം. അദ്ദേഹം മുഖ്യമന്ത്രിയായപ്പോൾ അപേക്ഷിക്കുന്ന എല്ലാ സ്വാശ്രയ മാനേജുമെന്റുകൾക്കും എൻ.ഒ.സി. കൊടുക്കും എന്നുള്ളതിന്റെ അടിസ്ഥാനത്തിൽ എല്ലാവർക്കും എൻ.ഒ.സി. കൊടുത്തു. യഥാർത്ഥത്തിൽ ഇപ്പോൾ സ്വാശ്രയ പ്രൊഫഷണൽ മാനേജുമെന്റുകൾ ഈ ഗവൺമെന്റിന് മൂക്കുകയർ ഇട്ടിരിക്കുകയാണ്. നേരത്തെ ശ്രീ. ആന്റണിക്ക് മൂക്കുകയർ ഇട്ടു. ഇപ്പോൾ ശ്രീ. ഉമ്മൻ ചാണ്ടിക്കും മൂക്കുകയർ ഇട്ടു. പുഷ്പഗിരി, കോലഞ്ചേരി, കാരക്കോണം തുടങ്ങിയ മെഡിക്കൽ കോളേജുകളിലേക്ക് സർക്കാർ 28,750 രൂപ ഫീസ് അലോട്ട്മെന്റ് നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ പ്രവേശനം നേടിയിട്ടുള്ള കുട്ടികൾ ഇത്തരത്തിൽ അവർ നിശ്ചയിക്കുന്ന ഫീസ് കൊടുക്കണം അല്ലെങ്കിൽ പുറത്താക്കുമെന്ന് ഭീഷണിപ്പെടുത്തുകയുമാണ്. നമ്മുടെ സംസ്ഥാനത്ത് നിയമമുണ്ട്. ഫീസ് ക്രമീകരിക്കാനൊക്കെ സർക്കാരിനാണ് അധികാരം. പക്ഷേ സർക്കാർ പറഞ്ഞിട്ടും സർക്കാർ പറഞ്ഞ ഫീസ് കൊടുക്കുന്നില്ല. സി.എസ്.ഐ. മാനേജുമെന്റുകളെ സംബന്ധിച്ചിടത്തോളം സർക്കാരിന്റെ ഏത് നയവും അംഗീകരിക്കാമെന്ന് കാരക്കോണം മെഡിക്കൽകോളേജിന്റെ ചെയർമാൻ ആവർത്തിച്ച് പ്രഖ്യാപിച്ചിട്ടുണ്ട്. ആ പ്രഖ്യാപനങ്ങളൊന്നും തന്നെ പിന്നീട് കാണുന്നില്ല.

ശ്രീ. കെ. ബാബു: ബഹുമാനപ്പെട്ട മെമ്പർ, തലശ്ശേരിയിൽ നിങ്ങളുടെ പാർട്ടിയുടെ നേതാവ് ശ്രീ. ഇ. നാരായണപിള്ള ചെയർമാനായിട്ടുള്ള നഴ്സിംഗ് കോളേജിൽ സർക്കാർ നിശ്ചയിട്ടുള്ള ഫീസ് അല്ലാതെ ഭീമമായ ഫീസ് വാങ്ങുന്നു എന്നുള്ള ആക്ഷേപം ഇന്ന് പരക്കെ ഉണ്ടായിട്ടുണ്ട്. അത് ഗവൺമെന്റ് ഫീസായി ചുരുക്കാൻ നിങ്ങളുടെ പാർട്ടി നടപടി സ്വീകരിക്കുമോ?

ശ്രീ. പി. ജയരാജൻ: ഒന്നാമതായി ബഹുമാനപ്പെട്ട അംഗം മനസ്സിലാക്കേണ്ടത് അതൊരു സഹകരണ ഫെഡറേഷനാണ്. അതിൽ നിങ്ങളുടെ പാർട്ടിയിൽപ്പെട്ട ആളുണ്ട്, ബഹുമാനപ്പെട്ട അംഗം മനസ്സിലാക്കണം, കോൺഗ്രസ്സ് (ഐ)യുടെ ആളുണ്ട്. ഭരണകക്ഷികൾക്കാണ് അതിൽ ബഹുഭൂരിപക്ഷം. സർക്കാർ ഫെഡറേഷന്റെ

LIBRARY ARCHIVES Kerala Legislative Assembly

നേതൃത്വത്തിൽ നടത്തുന്ന എൻജിനീയറിംഗ് കോളേജുകളിൽ യൂണിവേഴ്സിറ്റി നിശ്ചയിച്ച ഫീസ് അല്ലാതെ വേറൊരു ഫീസും വാങ്ങുന്നില്ല. ..... ഞാൻ പറയുന്നത് പൂർണ്ണമായും കേൾക്കൂ. ഈ സഹിഷ്ണുതയില്ലായ്മയാണ് യു.ഡി.എഫ്.-ന്റെ സ്വഭാവം. ഇത്തവണ കാലിക്കട്ട് യൂണിവേഴ്സിറ്റി അവർക്ക് കോഴ്സ് നടത്താൻ അനുവാദം കൊടുത്തിട്ടില്ല. കാരണം കണ്ണൂർ യൂണിവേഴ്സിറ്റിയുടെ പരിധിയിലായതുകൊണ്ട് ഇത്തവണ കോഴ്സിന്റെ കാര്യത്തിൽ യാതൊരു കരാറും ഉണ്ടായിട്ടില്ല. അതുകൊണ്ട് പത്രങ്ങളിൽ ഇങ്ങനെ ഒരു വാർത്ത വന്നു എന്നുകാണുമ്പോൾ 'കാള പെറ്റു എന്നുകേൾക്കുമ്പോൾ കയർ എടുക്കുന്നത്' ശരിയല്ല. അതാണ് പറയാനുള്ളത്.

ശ്രീ. കെ. ബാബു: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ കോൺഗ്രസ്സുകാരുടെ ഭൂരിപക്ഷമുള്ള ആ കമ്മിറ്റിയിൽ ചെയർമാൻ നിങ്ങളുടെ പാർട്ടിയുടെ നേതാവാണ്. നിങ്ങളുടെ പാർട്ടിയുടെ നയം നടപ്പിലാക്കാൻ സാധിക്കുന്നില്ല. അങ്ങനെയാണെങ്കിൽ നിങ്ങളുടെ പാർട്ടിയുടെ ചെയർമാൻ ശ്രീ. ഇ. നാരായണനോട് അതിന്റെ ചെയർമാൻ സ്ഥാനം രാജിവയ്ക്കാൻ ആവശ്യപ്പെടുമോ?

ശ്രീ. പി. ജയരാജൻ: കേരളത്തിൽ ഇന്ന് സഹകരണമേഖലയിൽ പ്രമുഖനായിട്ടുള്ള ആളാണ് റബ്കോയുടെ ചെയർമാനായ ശ്രീ. ഇ. നാരായണൻ. അദ്ദേഹം ചെയർമാനായിട്ടുള്ള എൻജിനീയറിംഗ് കോളേജിൽ യൂണിവേഴ്സിറ്റി നിശ്ചയിക്കുന്ന ഫീസല്ലാതെ മറ്റ് യാതൊരു ഫീസും വാങ്ങുന്നില്ല എന്ന് ഞാൻ പറഞ്ഞു. അക്കാര്യത്തിൽ ഇ. നാരായണൻ എന്നുപറയുന്ന ഞങ്ങളുടെ പാർട്ടിയുടെ നേതാവിന് മാത്രമല്ല, ഞങ്ങളുടെ പാർട്ടിക്ക് മാത്രമല്ല നിങ്ങൾക്കും അഭിമാനിക്കാം. ഇ. നാരായണൻ ചെയർമാനായിട്ടുള്ള കമ്മിറ്റിയിൽ ഭൂരിപക്ഷം യു.ഡി.എഫ്.-ന് ആണെങ്കിലും യൂണിവേഴ്സിറ്റി നിശ്ചയിക്കുന്ന ഫീസല്ലാതെ മറ്റൊരു ഫീസും ആ എൻജിനീയറിംഗ് കോളേജിൽ വാങ്ങുന്നില്ല എന്ന് ഉറപ്പു പറയാൻ കഴിയും. ഇത്തവണ കോഴ്സ് ആരംഭിച്ചിട്ടില്ല. സർക്കാരിന്റെ എൻട്രൻസ് പരീക്ഷ എഴുതിയിട്ട് അഡ്മിഷൻ നേടിയിട്ടുള്ള കുട്ടികൾ അനുഭവിക്കുന്ന വിഷമകരമായ അവസ്ഥകളെ സംബന്ധിച്ചാണ് ഇവിടെ സൂചിപ്പിച്ചത്. ഗവൺമെന്റിന് അവർ നിവേദനം കൊടുത്തു. യാതൊരു പരിഹാരവും ഇതുവരെ ഉണ്ടായിട്ടില്ല. യഥാർത്ഥത്തിൽ സ്വാശ്രയ മാനേജുമെന്റുകൾക്ക് ഇഷ്ടംപോലെ ഫീസ് വാങ്ങാനുള്ള ഒരു അവസ്ഥയാണ് കേരളത്തെ സംബന്ധിച്ചിടത്തോളം ഉണ്ടായിട്ടുള്ളത്. അതിൽ മാറ്റം വരുത്തേണ്ടതുണ്ട്. അതിൽ മാറ്റം വരുത്താൻ ഗവൺമെന്റിന് കഴിയുമോ? ഗവൺമെന്റിന് ആവില്ല. നിയന്ത്രണം കൊണ്ടുവരാൻ ഗവൺമെന്റിന് കഴിയുമോ? നമ്മൾ പാസ്സാക്കിയിട്ടുള്ള നിയമമുണ്ട്. ആ നിയമം ഭരണഘടനയുടെ ഒമ്പതാം ഷെഡ്യൂളിൽ പെടുത്തണം. തീർച്ചയായും അതിനുവേണ്ടി ശ്രമിക്കണം. അതിന് ശ്രമിക്കുമ്പോൾ പ്രതിപക്ഷം പറയുന്ന കാര്യങ്ങൾ ഉൾക്കൊള്ളാൻ അവർ തയ്യാറാകണം. അവർ പ്രതിപക്ഷം പറയുന്നതല്ല കേൾക്കുന്നത്, കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ മുതൽമുടക്കിയിട്ടുള്ള ആളുകൾ

LIBRARY ARCHIVES Kerala Legislative Assembly

പറയുന്നതാണ് കേൾക്കുന്നത്. ക്യാപ്പിറ്റേഷൻ ഫീസൊന്നും വാങ്ങുന്നില്ലെന്ന് വിദ്യാഭ്യാസ മന്ത്രിക്ക് പറയാൻ കഴിയുമോ? ബി.ഡി.എസ്. പോലുള്ള കോഴ്സുകൾക്ക് പത്ത് ലക്ഷത്തിനും പതിനഞ്ച് ലക്ഷത്തിനും ഇടയിലുള്ള ക്യാപ്പിറ്റേഷൻ ഫീസ് വാങ്ങുന്നുണ്ട്. ഗവൺമെന്റ് മെഡിക്കൽ കോളേജുകളിൽ ആയിരക്കണക്കിന് കുട്ടികളാണ് ഇത്തരം കോഴ്സുകൾക്ക് അപേക്ഷകരായിട്ട് വരുന്നത്. യഥാർത്ഥത്തിൽ സ്വാശ്രയ മാനേജ്മെന്റുകൾ ക്യാപ്പിറ്റേഷൻ ഫീസിൽ വിലപേശൽ നടത്തുന്നു. ബി.ഡി.എസ്. കോഴ്സിന് ഗവൺമെന്റ് മെഡിക്കൽ കോളേജുകളിൽ അപേക്ഷകർ വരുന്നു. പക്ഷെ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ബി.ഡി.എസ്.-ന് അപേക്ഷകർ കുറയുന്നതിന് കാരണം എന്താണ്? എൻട്രൻസ് പരീക്ഷ എഴുതാൻ തന്നെ ആയിരക്കണക്കിന് വിദ്യാർത്ഥികൾ അപേക്ഷകരായിട്ട് വരുന്നു. അതേ സമയം സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അങ്ങ് പരിശോധിച്ചു നോക്കൂ എത്ര അപേക്ഷ വരുന്നുണ്ട്. എന്താണ് ഇവിടെ അപേക്ഷകർ കുറയാൻ കാരണം. ബാക്ക് ഡോറിലാണ് കച്ചവടം. തിരശ്ശീലയ്ക്ക് പിന്നിലാണ് കച്ചവടം. ക്യാപ്പിറ്റേഷൻ ഫീസിന്റെ കാര്യത്തിൽ റേറ്റ് ഉറപ്പിച്ച് അത് കൊടുക്കാൻ കഴിയുന്ന ആളുകൾ മാത്രമേ അങ്ങോട്ട് പോകൂ. അതല്ലേ കേരളത്തിൽ നടക്കുന്നത്. എന്നിട്ട് നിങ്ങൾ ഉളുപ്പും നാണവും കൂടാതെ പറയുന്നു വിദ്യാഭ്യാസമന്ത്രി കൂടുതൽ ഓഫീസുകൾ ഉണ്ടാക്കുന്നു എന്ന്.

ശ്രീ. കെ. വി. കുഞ്ഞിരാമൻ: വിവിധ സ്വകാര്യ കോളേജുകളിലേക്ക് എൻട്രൻസ് എക്സാമിനേഷൻ നടത്തുമ്പോൾ എൻട്രൻസ് എക്സാമിനേഷന് അപേക്ഷിക്കാൻ തന്നെ അഞ്ഞൂറും ആയിരവും രൂപ ഫീസ് വാങ്ങുന്നു. അങ്ങനെ ആയിരക്കണക്കിന് കുട്ടികളും ഈ ഫീസ് ഇനത്തിൽ അടയ്ക്കുന്ന തുക തന്നെ വലിയ വരുമാനമാണ്. പലവിധത്തിലാണ് കൊള്ള. ആ കൊള്ളയും കൂടെ നമ്മൾ പരാമർശിച്ചു പോകേണ്ടതല്ലേ?

ശ്രീ. പി. ജയരാജൻ: ഇവിടെ അപേക്ഷാ ഫോറത്തിന്റെ ഫീസിന്റെ കാര്യമാണ് ശ്രീ. കുഞ്ഞിരാമൻ പറഞ്ഞത്. ഞാൻ പറഞ്ഞത് അപേക്ഷാ ഫോറം കൊടുക്കേണ്ടേ; എന്നിട്ടല്ലേ ഫീസ്. അപേക്ഷാ ഫോറം പല സ്വാശ്രയ മാനേജ്മെന്റുകളും കൊടുക്കുന്നുണ്ട്. ഒറ്റ വെരിഫിക്കേഷൻ മാത്രം നടത്തിയാൽ മതി. ബി.ഡി.എസ്.-ന് സാധാരണ ഗതിയിൽ അപേക്ഷകർ കുറയും. റാങ്ക് കുറഞ്ഞവരാണ് ഇതിനുവേണ്ടി അപേക്ഷിക്കുന്നത്. ബി.ഡി.എസ്.-ന് സ്വാശ്രയ മാനേജ്മെന്റുകൾ നൽകിയിട്ടുള്ള അപേക്ഷകൾ എത്രയാണ്. ഗവൺമെന്റ് മെഡിക്കൽ കോളേജുകളിൽ അപേക്ഷകരായിട്ട് എത്ര ആളുകൾ വരുന്നുണ്ട്. അവർ എന്തുകൊണ്ടാണ് അങ്ങോട്ട് പോകാത്തത്? യഥാർത്ഥത്തിൽ നമ്മുടെ

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്ത് പാസ്സാക്കപ്പെട്ട നിയമം പോലും നടപ്പിലാക്കാൻ കഴിയാത്ത ഒരു ഗവൺമെന്റാണ് ഇവിടെ അധികാരത്തിൽ ഇരിക്കുന്നത്. ഇതിനെതിരായിട്ടാണ് കേരളത്തിലെ വിദ്യാർത്ഥി സമൂഹം അതി ശക്തമായിട്ട് സമരങ്ങൾ നടത്തിയത്. ഇവിടെ ഇത്തരം നയങ്ങളെ എതിർക്കുന്ന അവസരത്തിൽ ഞങ്ങളെ ആക്ഷേപിക്കുന്നുണ്ട്. ഇത് 18-ാം നൂറ്റാണ്ടിലെ കാഴ്ചപ്പാട്. ഞങ്ങൾക്ക് സമൂഹത്തെ സംബന്ധിച്ചിടത്തോളം സമഗ്രമായിട്ടുള്ള കാഴ്ചപ്പാടുണ്ട്. വിദ്യാഭ്യാസമന്ത്രി ഇവിടെ പറഞ്ഞതുപോലെ വിജ്ഞാന മേഖലയിൽ വന്നിട്ടുള്ള മാറ്റത്തെ ഉൾക്കൊള്ളത്തക്ക നിലയിൽ കേരളത്തിലെ വിദ്യാഭ്യാസ രീതികൾക്ക് മാറ്റം വരുത്തണം. വിദ്യാഭ്യാസ സൗകര്യങ്ങളിൽ മാറ്റം വരുത്തണം. അതിനുള്ള സമഗ്രമായിട്ടുള്ള കാഴ്ചപ്പാട് ഞങ്ങൾക്കുണ്ട്. ഇവിടെ കൃഷിക്കാരനെ കാണണം. കർഷകത്തൊഴിലാളിയെ കാണണം. പരമ്പരാഗത വ്യവസായ തൊഴിലാളിയെ കാണണം. ഇതോടൊപ്പം ഉന്നതിക്ക് സഹായകരമായിട്ടുള്ള നിലയിൽ വിദ്യാഭ്യാസ നയങ്ങൾ നടപ്പിലാക്കണം. മാറ്റങ്ങൾ ഉണ്ടാകണം. അപ്പോൾ സമഗ്രമായിട്ടുള്ള കാഴ്ചപ്പാടാണ് എൽ.ഡി.എഫ്.-നെ സംബന്ധിച്ചിടത്തോളം. യു.ഡി.എഫ്.-നെ സംബന്ധിച്ചിടത്തോളം കച്ചവടത്തിൽ മാറ്റം ഉണ്ടാകാനുള്ള കണ്ണോടുകൂടിയുള്ള കാഴ്ചപ്പാട് മാത്രമാണ്. സമഗ്രമായിട്ടുള്ള വിദ്യാഭ്യാസ പുരോഗതിക്കു വേണ്ടിയിട്ടുള്ള കാഴ്ചപ്പാടല്ല ഈ ഗവൺമെന്റിനുള്ളത്. അതാണ് ഞങ്ങൾ കുറ്റപ്പെടുത്തുന്നത്. അതുകൊണ്ട് മാറി വരുന്ന ലോകത്തിന്റെയും സമൂഹത്തിന്റേയും ആവശ്യത്തിനനുസരിച്ച് ശാസ്ത്രീയമായിട്ടുള്ള, യുക്തമായിട്ടുള്ള നിലപാട് എൽ.ഡി.എഫ്. ഗവൺമെന്റ് കൈക്കൊണ്ടിട്ടുണ്ട്. അത് സാമൂഹ്യ നിയന്ത്രണത്തോടുകൂടിയുള്ള സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആകാം എന്നുള്ള പുതിയ കാഴ്ചപ്പാടാണ്. ഈ ഗവൺമെന്റ് വന്നപ്പോൾ എല്ലാ മേഖലയിലും കച്ചവടം. അത് മാത്രമല്ല ലാഭത്തെ അടിസ്ഥാനപ്പെടുത്തി വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തുക-സേവന താൽപര്യത്തോടുകൂടി, നേരത്തെ വിദ്യാഭ്യാസ മേഖലയിൽ നടത്തിയിട്ടുള്ള സ്വകാര്യ മാനേജ്മെന്റുകൾക്ക് അതിനു തക്ക നിലയിലുള്ള കാര്യങ്ങൾ തുടരുന്നതിനു പകരം ലാഭത്തെ അടിസ്ഥാനപ്പെടുത്തി മാത്രം വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്താനുള്ള സൗകര്യമാണ് ഈ ഗവൺമെന്റ് ചെയ്തു കൊടുക്കുന്നതും. ഗവൺമെന്റിന് യാതൊരു നിയന്ത്രണവും ഇല്ല. അവരെ കയറൂരി വിട്ടിരിക്കുകയാണ്. ഞാൻ നേരത്തെ പറഞ്ഞതുപോലെ അവർ യഥാർത്ഥത്തിൽ യു.ഡി.എഫ്. ഗവൺമെന്റിനാണ് മൂക്കു കയർ ഇട്ടിരിക്കുന്നത്. തീർച്ചയായിട്ടും അതിന്റെ പ്രതിഫലനമാണ് ഇവിടെ ഇപ്പോൾ ഭേദഗതിയായിട്ട് കൊണ്ടുവന്നിട്ടുള്ളത്. എൻ.ആർ.ഐ. കാരുടെ ആശ്രിതൻമാർക്ക്, ഇത്ര പൈസ ക്യാപ്പിറ്റേഷൻ ഫീസ് വാങ്ങി ലേലം നടത്തിയിട്ട് സീറ്റ് കൊടുക്കാനുള്ള സൗകര്യം സ്വാശ്രയ മാനേജ്മെന്റുകൾക്ക് നൽകുന്ന ഒരു

LIBRARY ARCHIVES Kerala Legislative Assembly

നിലപാടാണ് ഇതിലൂടെ എടുത്തിട്ടുള്ളത്. സ്വാശ്രയ വിദ്യാഭ്യാസ മാനേജ്മെന്റുകൾക്ക് ഇപ്പോൾ ഉള്ള നിലയിൽ സീറ്റ് അനുവദിക്കാമല്ലോ? മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി ഓർഡർ ഇറക്കിയതായിട്ട് കാണുന്നുണ്ട്. 15% വെയിറ്റേജ് ആർക്കാണെന്നറിയാമോ; മുഖ്യമന്ത്രിയുടെ അസംബ്ലി മണ്ഡലത്തിൽപ്പെട്ടവർക്ക് സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 15% വെയിറ്റേജ്. ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി അത് മനസ്സിലാക്കിയിട്ടില്ലെന്നാണ് തോന്നുന്നത്. മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി ഇറക്കിയിട്ടുള്ള അതിന്റെ ഡെപ്യൂട്ടി രജിസ്ട്രാർ, സെൽഫ് ഫിനാൻസിംഗ് ഇറക്കിയിട്ടുള്ള ഒരു ഉത്തരവിൽ പറയുന്നത് Self Financing Institutions- Weightage of marks for admission to B.Sc. Nursing and other Pharmaceutical Degree Courses in SME Regional Centre, Puthuppally-Minutes of the meeting of the Sub Committee of the Syndicate on Self Financing held on 24-3-2004 approved-orders issued. അതിൽ പറയുകയാണ്, The Syndicate at its meeting held on 20-5-2005, vide item read above has resolved to grant 15% weightage of marks for admission to B.Sc. Nursing and other Para Medical Degree Courses at the School of Medical Education Regional Centre, Puthuppally to the students belonging to the following Panchayats from June 2004 onwards. 2004 ജൂൺ മാസം മുതൽ താഴെ പറയുന്ന പഞ്ചായത്തുകളെ അതായത് മുഖ്യമന്ത്രിയുടെ മണ്ഡലത്തിൽപ്പെട്ടവർക്ക് 15% വെയിറ്റേജ്. അങ്ങനെ കൊടുക്കുന്നത് എല്ലാ മണ്ഡലത്തിലും വരുമോ? പുതുപ്പള്ളി, പാമ്പാടി, കൂരോപ്പട, അയർക്കുന്നം, പള്ളിക്കത്തോട്, പനച്ചിക്കാട്, മണർകാട് ..... തുടങ്ങിയ ഇടങ്ങളിൽ. ഞങ്ങളും ഇങ്ങനെ അപേക്ഷ തന്നുകഴിഞ്ഞാൽ സ്വാശ്രയ മാനേജ്മെന്റുകൾ ഇത്തരത്തിൽ ഓർഡർ ഇറക്കുമോ? മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിക്ക് കൊടുക്കുകയാണ്. സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളെക്കൊണ്ട് എന്തും ചെയ്യിക്കാം. ഗവൺമെന്റ് എല്ലാ സഹായവും ചെയ്തുകൊടുത്തുകഴിഞ്ഞാൽ ഗവൺമെന്റിന്റെ തലപ്പത്തിരിക്കുന്ന മന്ത്രിമാരോ മുഖ്യമന്ത്രിയോ എന്തുപറഞ്ഞാലും ചെയ്തുകൊടുക്കുന്ന നിലയിൽ കേരളത്തിലെ സ്വാശ്രയ വിദ്യാഭ്യാസ മേഖലയിൽ കാര്യങ്ങൾ നടന്നു കൊണ്ടിരിക്കുകയാണ്. അതാണ് കേരളത്തിലെ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടന്നു വരുന്നത്. ഇപ്പോൾ കൊണ്ടുവന്നിട്ടുള്ള ബില്ലിന്റെ നിർദ്ദേശം സ്വാശ്രയ മാനേജ്മെന്റുകൾക്ക് കുറേക്കൂടി സൗകര്യം ചെയ്തുകൊടുക്കുന്നതാണ്. അതേസമയം പാവപ്പെട്ട വിദ്യാർത്ഥികളെ അങ്ങേയറ്റം ദ്രോഹിക്കുന്ന നിലപാടാണ് ഈ ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നതെന്ന കാര്യം ഗൗരവപൂർവ്വം ഈ സഭ പരിഗണിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിരാകരണ പ്രമേയം അവതരിപ്പിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബ്: ഞാൻ നിരാകരണ പ്രമേയത്തെ പിൻതാങ്ങുകയാണ്. ഇത് ഒരു ഓർഡിനൻസായിട്ട് വന്നുകഴിഞ്ഞു. ഓർഡിനൻസ് റീപ്ലെയ്സിംഗ് ബില്ലാണ്, നിയമമായി. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ ഇവിടെ പറഞ്ഞ അവസരത്തിൽ ആമുഖമായിത്തന്നെ സൂചിപ്പിച്ചു. മാനേജ്മെന്റ് കമ്മറ്റിയിൽനിന്നും 15 സീറ്റ് എൻ.ആർ.ഐ. സീറ്റുകളായിട്ട് കിട്ടുന്നു. നേരത്തെ ഉണ്ടായിരുന്ന 15% എന്നുള്ളത് മാറ്റി. 15% എന്നു പറയുന്നത് ഏകദേശം 7 സീറ്റോളം വരുമായിരുന്നു. ആ സ്ഥാനത്ത് ഇത് 15 സീറ്റെന്നുള്ള സ്പെസിഫിക്കായിട്ടു തന്നെ അവർക്ക് കിട്ടുന്നു. ഈ വർഷത്തെ അഡ്മിഷനെല്ലാം ഏതാണ്ട് തീർന്നുകഴിഞ്ഞിരിക്കുന്നു. ഇതിന്റെ ബാക്കിയുള്ള അഡ്മിഷൻ വരാൻ പോകുകയാണ്. ബില്ലിനെ സംബന്ധിച്ച് അമെന്റ്മെന്റിന്റെ അടിസ്ഥാനത്തിൽ നോക്കുമ്പോൾ ചെറിയ അമെന്റ്മെന്റാണ്. അതിൽ കാര്യമായിട്ടൊന്നും ഇല്ല. അതിന്റെ ഇംപ്ലിക്കേഷൻ എന്നുപറയുന്നത് വളരെ വലുതാണ്. സെൽഫ് ഫിനാൻസിംഗ് സ്ഥാപനങ്ങൾ കേരളത്തിൽ വേണ്ട എന്ന അഭിപ്രായം എനിക്കില്ല. സെൽഫ് ഫിനാൻസിംഗ് ഇൻസ്റ്റിറ്റ്യൂഷൻ നമുക്ക് വേണ്ടിവരും, കാരണം വിദ്യാഭ്യാസ മേഖലയെ സംബന്ധിച്ച് പറയുമ്പോൾ ഇനി ഏത് ഗവൺമെന്റ് വന്നാലും ഗവൺമെന്റ് മേഖലയിലും എയ്ഡഡ് മേഖലയിലുമായിട്ട് വിദ്യാഭ്യാസസ്ഥാപനങ്ങൾ കൊടുക്കാൻ ബുദ്ധിമുട്ട് വരും. സർക്കാരിന്റെ സാമ്പത്തിക സ്ഥിതി ആ നിലയിലാണ്. പിന്നെ നമുക്ക് ഇപ്പോൾ നിലവിലുള്ള മെഡിക്കൽ കോളേജുകളാണെങ്കിലും മെഡിക്കൽ കോളേജ് ഹോസ്പിറ്റലാണെങ്കിലും അത് നല്ല സ്റ്റാൻഡേർഡ് കീപ്പപ്പ് ചെയ്ത് നമുക്ക് പോകാൻ കഴിയുന്നില്ല. തിരുവനന്തപുരത്താണല്ലോ ഏറ്റവും പഴക്കം ചെന്ന മെഡിക്കൽകോളേജ്. ഇവിടെപ്പോലും എല്ലാ സൗകര്യങ്ങളുമൊന്നും പ്രദാനം ചെയ്യാൻ കഴിയുന്നില്ല. ഇവിടെ പഠിക്കുന്ന കുട്ടികൾക്ക് ഒട്ടേറെ ബുദ്ധിമുട്ടുകൾ വരുന്നുണ്ട്. ഹോസ്പിറ്റലിന്റെ കാര്യത്തിലും ഉണ്ട്. ഈ സാഹചര്യമെല്ലാം കണക്കിലെടുക്കുമ്പോൾ സെൽഫ് ഫിനാൻസിംഗ് സ്ഥാപനങ്ങൾ എന്നുള്ള കൺസപ്റ്റ് വേണ്ടെന്ന് ആരും പറയുമെന്ന് തോന്നുന്നില്ല. പൊതുവെ അക്സപ്റ്റ് ചെയ്തിട്ടുണ്ട്.

ഇവിടെ യു. ഡി. എഫ്. ഗവൺമെന്റ് വന്ന സന്ദർഭത്തിൽ ഈ സ്ഥാപനങ്ങൾ കൊടുക്കുന്നത് സംബന്ധിച്ച് ഒരു തീരുമാനം എടുക്കുകയുണ്ടായി. ആ സന്ദർഭത്തിൽ ഞാനുൾപ്പെടെ പല ആളുകളും പറഞ്ഞത് നമുക്ക് ഇത് സെലക്ഷൻ നടത്തി കൊടുക്കാം. ആപ്ളിക്കൻസ് ഒരുപാട് വന്നു. വന്ന ആപ്ളിക്കൻസിനെല്ലാം നമ്മൾ സ്ഥാപനം നടത്താനുള്ള എൻ.ഒ.സി. കൊടുക്കുന്നത് ശരിയായ സമീപനമല്ല എന്ന്
12.00 NOON] ഞാൻ അന്നും അഭിപ്രായപ്പെട്ടിട്ടുണ്ട്. ഇപ്പോഴും ഉണ്ട്. അന്നത്തെ മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണി സ്വീകരിച്ച നിലപാട്, അദ്ദേഹം പറഞ്ഞു നമ്മൾ ഇതിലൊരു സെലക്ഷൻ നടത്താൻ പോയാൽ പിന്നെ അതേക്കുറിച്ച് ഒട്ടേറെ ആക്ഷേപങ്ങൾ കേരളത്തിലുണ്ടാകും. അതുകൊണ്ട് ആരെല്ലാം അപേക്ഷിക്കുന്നോ

LIBRARY ARCHIVES Kerala Legislative Assembly

അവർക്കെല്ലാം നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് കൊടുക്കാം എന്നാണ്. മെഡിക്കൽ കോളേജിനെ സംബന്ധിച്ചാണെങ്കിലും എൻജിനീയറിംഗ് കോളേജിനെ സംബന്ധിച്ചാണെങ്കിലും മറ്റ് കേന്ദ്ര ഏജൻസികളുടെ അനേഷണവും അതിനുവേണ്ടി പ്രിസ്ക്രൈബ് ചെയ്യുന്ന നോംസും ഒക്കെ പരിപാലിക്കപ്പെട്ടാൽ മാത്രമേ ഈ സ്ഥാപനങ്ങൾക്ക് അംഗീകാരം കൊടുക്കൂ. അത് അവർ ചെയ്യും എന്നുള്ള നിലയിലേക്ക് നമ്മൾ പോയി. നമ്മുടെ കേരളത്തിൽ വളരെ ചുരുക്കം എൻജിനീയറിംഗ് കോളേജുകളുള്ള ഒരു കാലഘട്ടം ഉണ്ടായിരുന്നു. അതിൽ തിരുവനന്തപുരം എൻജിനീയറിംഗ് കോളേജ് ഉണ്ടായിരുന്നു. പിന്നെ കോതമംഗലം, പാലക്കാട്. രണ്ട് പ്രൈവറ്റും പിന്നെ തൃശൂർ എൻജിനീയറിംഗ് കോളേജും റീജിയണൽ എൻജിനീയറിംഗ് കോളേജ് കോഴിക്കോട് വന്നു. അങ്ങനെ വളരെ പരിമിതമായ് എൻജിനീയറിംഗ് കോളേജുകൾ ഉണ്ടായിരുന്ന ഒരു കാലഘട്ടമുണ്ട്. എൻജിനീയറിംഗിന് പോകാൻ ആഗ്രഹിക്കുന്ന നമ്മുടെ കുട്ടികൾക്ക് അഡ്മിഷൻ കിട്ടാൻ വളരെ ബുദ്ധിമുട്ട് വന്നിരുന്നു. ഇപ്പോഴത്തെ സ്ഥിതി ഞാൻ വിദ്യാഭ്യാസ മന്ത്രിയുമായി വെരിഫൈ ചെയ്തു. നമ്മുടെ സംസ്ഥാനത്ത് സെൽഫ് ഫിനാൻസിംഗ് കോളേജുകൾ ഇപ്പോൾ 68 എണ്ണം ഉണ്ട്. അതിനു പുറമേ മറ്റ് കോളേജുകളുമുണ്ട്. സഹകരണ മേഖലയിലും എൻജിനീയറിംഗ് കോളേജുകളുണ്ട്. ഗവൺമെന്റിൽ ആദ്യം പറഞ്ഞ സ്ഥാപനങ്ങൾ നിൽക്കുന്നു. 68 സെൽഫ് ഫിനാൻസിംഗ് എൻജിനീയറിംഗ് കോളേജുകൾ ഇന്ന് നമ്മുടെ സംസ്ഥാനത്തുണ്ട്. സെൽഫ് ഫിനാൻസിംഗ് കോളേജുകളിൽ പലതും നല്ല നിലവാരം പുലർത്തിക്കൊണ്ടല്ല പോകുന്നത്. പല കോഴ്സുകളും ആരംഭിക്കാൻ വേണ്ടിയുള്ള അപേക്ഷ കൊടുത്ത് കോഴ്സുകൾ കിട്ടിയാൽ കുട്ടികൾക്ക് ആവശ്യമായ ഉപകരണങ്ങളില്ല. അതുപോലെ തന്നെ നല്ല കെട്ടിടമില്ല. ആ സ്ഥിതി നിൽക്കുന്നു. എൻജിനീയറിംഗ് കോളേജിനെ സംബന്ധിച്ച്. മെഡിക്കൽ കോളേജിനെ സംബന്ധിച്ചിടത്തോളം സെൽഫ് ഫിനാൻസിംഗ് ആയ ആറ് മെഡിക്കൽ കോളേജുകളാണ് കേരളത്തിലുള്ളത്. ബി.ഡി.എസ്. ഡിഗ്രി കൊടുക്കുന്ന അഞ്ച് കോളേജുകളുണ്ട്. ആയുർവേദത്തിൽ എട്ട് എണ്ണമുണ്ട്. ഹോമിയോ കോളേജ് ഒന്നും സെൽഫ് ഫിനാൻസിംഗ് രംഗത്ത് ഇല്ല. ഇവിടെ വന്നിരിക്കുന്ന പ്രവണത ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലെ അവരുടെ കോട്ടയിൽ നിന്ന് 15 സീറ്റ് എൻ.ആർ.ഐ. ആയി മാറ്റണം എന്നു മാത്രമേയുള്ളു എന്ന് പറഞ്ഞു. പൊതുവേ വന്ന വികാരം കഴിഞ്ഞ ദിവസം മുഖ്യമന്ത്രി വിളിച്ചു കൂട്ടിയ ചർച്ചയിൽ സ്ഥാപനങ്ങൾ നടത്തിക്കൊണ്ടു പോകുന്ന കാര്യങ്ങളേക്കുറിച്ച് പറഞ്ഞു. അത് എല്ലാവർക്കും മനസ്സിലാകും. ഇന്നത്തെ രീതിയിൽ ഒരു മെഡിക്കൽ കോളേജ് നടത്തണമെങ്കിൽ പത്ത്, ഇരുപത് കോടി രൂപയെങ്കിലും ചെലവ് വരും. ഒരു സംശയവുമില്ല. വിദ്യാഭ്യാസ മേഖലയിലേക്ക് വരുന്ന ആളുകൾക്ക് മുടക്കുന്ന 20 കോടി രൂപയും രണ്ടു വർഷംകൊണ്ട് വാങ്ങിയെടുക്കാം എന്ന ലക്ഷ്യത്തോടുകൂടി വരുന്നത് ശരിയല്ല. സേവന സന്നദ്ധരായി വരണം. ഒരു കാലഘട്ടത്തിൽ നമ്മുടെ സംസ്ഥാനത്ത് മിഷനറിമാർ വന്ന് ഒരുപാട് വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങി. കാരണം

LIBRARY ARCHIVES Kerala Legislative Assembly

അവരുടെ വലിയ മോട്ടീവ് ആയിരുന്നു വിദ്യാഭ്യാസം കൊടുക്കുക എന്നുള്ളത്. അതിൽ പണം സമ്പാദിക്കുക എന്നുള്ളതല്ല. പള്ളികൾ വയ്ക്കുന്നതിന്റെ കൂടെ പള്ളിക്കൂടവും ആരംഭിച്ചു. നാട്ടിലെ എല്ലാ ജനങ്ങൾക്കും വിദ്യാഭ്യാസം കൊടുക്കാൻ വേണ്ടിയാണ് അത് ചെയ്തത്. ഇതിൽ നിന്ന് ഒരു വിഭാഗത്തേയും മാറ്റി നിർത്താൻ കഴിയില്ല. ഞാൻ റേറ്റുകൾ ഒന്നും പറയുന്നില്ല പ്രത്യേകിച്ച് ആരുടെയെങ്കിലും പറഞ്ഞാൽ പിന്നെ അതൊരു പ്രശ്നമാകും എല്ലാവർക്കും അറിയാം വളരെ ഭീമമായ തുകയാണ് മെഡിക്കൽ കോളേജിൽ എം.ബി.ബി.എസ്. സീറ്റിലേക്ക് വാങ്ങിക്കൊണ്ടിരിക്കുന്നത്. സാധാരണ മാനേജ്മെന്റ് സീറ്റിൽ വാങ്ങുന്നതിനേക്കാൾ കൂടുതൽ തുക എൻ.ആർ.ഐ.-യിൽ വാങ്ങുമെന്ന് എനിക്കുമറിയാം, ശ്രീ. ബഷീറിനും അറിയാം. ഈ സഭയിലിരിക്കുന്ന എല്ലാവർക്കും അറിയാം. ഇതിലൊരു നിയന്ത്രണം നമുക്ക് വേണം. സേവനം ആയിരിക്കണം മുഖമുദ്ര. വിദ്യാഭ്യാസ രംഗത്ത് കച്ചവട മനസ്ഥിതി വച്ചുപുലർത്താനുള്ള സാഹചര്യം ഉണ്ടാക്കരുത്. ഇപ്പോൾ പറയുന്നതിൽ സാംഗത്യം ഉണ്ടെന്നാണ് എനിക്ക് തോന്നുന്നത്. നമ്മൾ എയ്ഡഡ് , +2 സ്കൂളുകൾ കൊടുത്തു. ഇന്നലെ മുഖ്യമന്ത്രി ഒരു ഗവൺമെന്റ് സ്കൂളിന്റെ കാര്യം പറയുന്നത് കേട്ടു. എയ്ഡഡ്, +2 സ്കൂളുകൾ കൊടുക്കുമ്പോൾ ഗവൺമെന്റാണ് അധ്യാപകന് ശമ്പളം കൊടുക്കുന്നത്. ഗവൺമെന്റ് മെയിന്റനൻസ് ഗ്രാന്റ് കൊടുക്കണം. കൊടുക്കുന്നുണ്ടോ എന്ന് അറിയില്ല. ഈ സ്ഥാപനങ്ങൾക്ക് കൊടുത്തേ പറ്റൂ. പക്ഷേ അവർ എലിജിബിൾ ആകണം. ഗവൺമെന്റ് ഗ്രാന്റ് കൊടുക്കുകയും ഗവൺമെന്റ് ശമ്പളം കൊടുക്കുകയും ചെയ്യുന്ന സ്ഥിതിക്ക് മാനേജ്മെന്റ് കോട്ടയിൽ കുട്ടികളെ പ്രവേശിപ്പിക്കാൻ പതിനായിരവും പതിനയ്യായിരവും രൂപ വരെ മേടിച്ചുകൊണ്ടിരിക്കുന്നു പല സ്ഥാപനങ്ങളിലും. എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് പറയാനുള്ളത് വളരെ സ്ട്രിക്ട് ആയി വെരിഫൈ ചെയ്യേണ്ട കാര്യമാണ്. ഇവിടെ മെറിറ്റ് അടിസ്ഥാനത്തിൽ സീറ്റ്, കമ്മ്യൂണിറ്റി കോട്ടയിൽ ഉണ്ട്. മാനേജ്മെന്റ് കോട്ടയിൽ നിശ്ചയിച്ചു കൊടുത്തിട്ടുണ്ട്. യാഥാർത്ഥത്തിൽ മെറിറ്റിൽ കാർഡ് കിട്ടിയിട്ട് വരാത്ത കുട്ടികളെപ്പോലും മാനേജ്മെന്റ് കോട്ടയായി കൺവർട്ട് ചെയ്ത് പൈസ വാങ്ങുകയാണ്. ഈ അവസ്ഥാ വിശേഷം നമ്മുടെ നാട്ടിൽ ഉണ്ടാകാൻ പാടില്ല. ഇത് എയ്ഡഡ് -നെ സംബന്ധിച്ചാണ് പറഞ്ഞത്. കഴിഞ്ഞ ദിവസം നടന്ന ചർച്ചയിൽ വന്ന പൊതുവായ കാര്യമുണ്ട്. 50% സീറ്റ് മെറിറ്റിൽ. മുഖ്യമന്ത്രി പലപ്പോഴും പറഞ്ഞു ഇവിടെ എല്ലാവരും പറഞ്ഞു. രണ്ട് സെൽഫ് ഫിനാൻസിംഗ് കോളേജ് എന്നു പറയുന്നത് ഒരു ഗവൺമെന്റ് കോളേജിന് തുല്യമാണെന്ന് പറഞ്ഞു.

ശ്രീ. സാജു പോൾ: ശ്രീ. ടി. എം. ജേക്കബ് എയ്ഡഡ്, ഹയർ സെക്കന്ററി സ്കൂളുകളിലേയും മറ്റും അഡ്മിഷന്റെ കാര്യം പറഞ്ഞു. ഗുരുതരമായ ഒരു പ്രശ്നമാണ് സന്ദർഭവശാൽ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ പെടുത്തുന്നത്. 'സേ പരീക്ഷ' എഴുതിയ ബഹുഭൂരിപക്ഷം കുട്ടികൾക്കും സ്കൂൾ പ്രവേശനത്തിനുള്ള അവസരം

LIBRARY ARCHIVES Kerala Legislative Assembly

ലഭിച്ചിട്ടില്ല. 10% അധികം അനുവദിച്ചു എന്ന് പറയുന്നു. മിക്കവാറും എയ്ഡഡ് സ്കൂളുകൾ എടുത്തിട്ടില്ല. സേ പരീക്ഷ എഴുതിയ ആയിരക്കണക്കിന് വിദ്യാർത്ഥികൾക്ക് സ്കൂൾ പ്രവേശനം അസാധ്യമായ സാഹചര്യം നിലവിലുണ്ട്. അത് അങ്ങയുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. സി. കെ. നാണു: പാരലൽ കോളേജിൽ പഠിക്കുന്ന സാധാരണക്കാരുടെ കുട്ടികൾക്ക് പ്രത്യേകിച്ച് മലപ്പുറം ഭാഗത്തെ കുട്ടികൾക്ക് മറ്റ് സാധാരണ കോളേജിൽ പഠിക്കുന്ന കുട്ടികൾക്ക് കിട്ടുന്ന സൗകര്യങ്ങൾ കിട്ടുന്നില്ല എന്ന ദുരിതമുണ്ട്.

ശ്രീ. ടി. എം. ജേക്കബ്: അതൊക്കെ മന്ത്രി മറുപടി പറയേണ്ട വിഷയമാണ്. അതിൽ ബേസിക് ആയി വന്നിരിക്കുന്ന ക്വസ്റ്റ്യൻ കഴിഞ്ഞ ദിവസം മുഖ്യമന്ത്രി വിളിച്ചു കൂട്ടിയ ചർച്ചയിൽ ഞങ്ങളെല്ലാവരും പങ്കെടുത്തു. സെൽഫ് ഫിനാൻസിംഗ് കോളേജുകൾ ഇഷ്യൂ ആയി മാറി. വളരെ വലിയ പ്രക്ഷോഭങ്ങൾ നടന്നു. ലാത്തിച്ചാർജ്ജ് നടന്നു. ഒരുപാട് ആളുകൾക്ക് പരിക്ക് പറ്റി. ഞാൻ അതിലേക്ക് പോകുന്നില്ല. എന്തായാലും ബഹുജനരോഷം ഉയർന്നുവന്നു. സഹകരണ സ്ഥാപനങ്ങളുടെ ഫീസ് ഇഷ്യൂ ആയി മാറി എന്നു പറഞ്ഞു. പിന്നെ മാറ്റി പറയേണ്ടിവന്നു. അതുമായി ബന്ധപ്പെട്ട് എല്ലാ കക്ഷികളേയും വിളിച്ചു കൂട്ടി ചില അഭിപ്രായങ്ങൾ ചോദിച്ചു. അതിൽ പൊതുവായി വന്ന ധാരണയുണ്ട്. 50% സീറ്റ് സ്ട്രിക്ടായി ഗവൺമെന്റ് നിശ്ചയിക്കുന്ന ഫീസിൽ തന്നെ നടക്കണം. ബാക്കിയുള്ളത് സംബന്ധിച്ച് ന്യായമായ നിലയിൽ അവർ ചെയ്യട്ടെ. അവർക്ക് സ്ഥാപനങ്ങൾ നടത്തിക്കൊണ്ടുപോകാൻ അവസരം കൊടുക്കരുത് എന്ന് പറയാൻ സാധ്യമല്ല. ന്യായമായി അവർ നടത്തട്ടെ. പക്ഷേ അന്യായം കാണിക്കുന്നത് കണ്ടുകൊണ്ട് നിൽക്കാൻ പറ്റില്ല. ഒരു എം.ബി.ബി.എസ്. സീറ്റിന് 50 ലക്ഷം രൂപ ന്യായമാണോ? 30, 35 ലക്ഷം രൂപ കൊടുത്ത് എം.ബി.ബി.എസ്.-ന് പ്രവേശനം കിട്ടിയ ഒരു വിദ്യാർത്ഥി അഞ്ച്, അഞ്ചര വർഷം കഴിഞ്ഞ് ഹൗസ് സർജൻസി പൂർത്തിയാക്കി വന്നാൽ ഇന്നത്തെ കാലത്ത് രക്ഷപ്പെടാൻ സാധിക്കുമോ? പോസ്റ്റ് ഗ്രാഡ്വേറ്റ് ഡിഗ്രിക്ക് പോകണം. അവിടെയും specialisation കാലഘട്ടമാണ്. അപ്പോൾ പണം കുറഞ്ഞ ആളുകൾക്ക് മക്കളെ ഒരുപക്ഷേ ഡോക്ടർ ആക്കാനുള്ള ആഗ്രഹം കാണും. അല്ലെങ്കിൽ ഇതൊരു സ്റ്റാറ്റസിന്റേതായിട്ടുള്ള നിലയിൽ കാണുന്നവരും ഉണ്ട്. എന്തുതന്നെ ആകട്ടെ മാനേജുമെന്റ് ക്വാട്ടയിലും കുറെ സാധാരണക്കാരായിട്ടുള്ള ആളുകളുടെ കുട്ടികൾക്കും പ്രവേശനം കിട്ടാനുള്ള സാഹചര്യം നമ്മളൊരുക്കണം. നമ്മളൊരു നിയമം പാസ്സാക്കി. പക്ഷേ ഇതുവരേയും അത് നടപ്പിലാക്കാനായിട്ടില്ല. കാരണങ്ങൾ പലതാണ്. പക്ഷേ അതിലേക്കൊന്നും ഞാൻ പോകുന്നില്ല. അതിന് ഈ നിയമവുമായിട്ട് ബന്ധവുമില്ല. എങ്കിലും ഞാൻ പറയുന്നു ഈ നിയമസഭയുടെ intention-ന് വിരുദ്ധമായിട്ട് വന്നപ്പോൾ എല്ലാ രാഷ്ട്രീയകക്ഷികളും പല അഭിപ്രായങ്ങൾ പറഞ്ഞു. എല്ലാവരും കൂടി

LIBRARY ARCHIVES Kerala Legislative Assembly

ഐകകണ്ഠ്യേന പാസ്സാക്കിയ നിയമം പോലും നമുക്ക് സംസ്ഥാനത്ത് നടപ്പിലാക്കാൻ കഴിയാത്ത ഒരു അവസ്ഥയിലാണ് ഈ അമെന്റ്മെന്റ് ബില്ലുമായി വന്നിരിക്കുന്നത്.

ശ്രീ. ജോസഫ് എം. പുതുശ്ശേരി: സർ, തുക വലുതായിട്ട് വാങ്ങിക്കുന്നതിനെക്കുറിച്ച് പറഞ്ഞു. മുടക്കുന്ന കാശ് ഒറ്റയടിക്ക് തിരിച്ചു വരണമെന്നുള്ള ആഗ്രഹത്തിലാണ് പല ആളുകളും ഇങ്ങനെ കൂടുതൽ തുക വാങ്ങുന്നത്. അതേസമയം കുറച്ചു നാളുകൾ എടുത്ത് തിരിച്ചുവരവ് ആഗ്രഹിച്ചാൽ തുക കുറച്ച് ക്രമീകരിക്കാൻ കഴിയും.

ശ്രീ. ടി. എം. ജേക്കബ്: ഞാനതിനോട് യോജിക്കുകയാണ്. അതിൽ എനിക്ക് യാതൊരു വിയോജിപ്പുമില്ല. ഞാൻ ആദ്യം പറഞ്ഞു മുടക്കിയാൽ 2, 3 വർഷം കൊണ്ട് മുടക്കിയ കാശ് മുഴുവൻ കിട്ടണം.

Mr. Speaker: Please be seated.

ശ്രീ. ടി. എം. ജേക്കബ്: മുടക്കുമുതൽ 2, 3 വർഷം കൊണ്ട് കിട്ടണമെന്നുള്ള 'ദുരാഗ്രഹം' എന്ന വാക്ക് ഞാൻ ഉപയോഗിക്കട്ടെ, അങ്ങനെയൊരു മോട്ടീവോടു കൂടി നടക്കുന്ന ആളുകളെ നമുക്ക് നിയന്ത്രിക്കാൻ കഴിയും. ഇത് ശ്രീ. ഇ. ടി. മുഹമ്മദ് ബഷീറിന്റെ മാത്രം ഉത്തരവാദിത്വമല്ല. ഞാനങ്ങനെ പറയുന്നുമില്ല. കൂട്ടായ്മയുണ്ടെങ്കിലേ നമുക്ക് ഈ കാര്യത്തിൽ എന്തെങ്കിലും ചെയ്യാൻ കഴിയൂ. നമുക്ക് സമൂഹത്തിനോട് കടപ്പാടില്ലേ? നമുക്കെല്ലാപേർക്കും സമൂഹത്തോട് കടപ്പാടുണ്ടല്ലോ. നമ്മൾ പാസ്സാക്കിയ നിയമം 9-ാം പട്ടികയിൽപ്പെടുത്താൻ ഉണ്ടായ വൈതരണിയും, ബുദ്ധിമുട്ടും ഇപ്പോൾ കണ്ടുകൊണ്ടിരിക്കുകയാണ്. പക്ഷേ നമുക്ക് ഈ രാജ്യത്ത് ഒരു നിയമം നടപ്പിലാക്കാൻ കഴിയുന്നില്ല. നമുക്ക് ഒരു കാര്യവും ചെയ്യാൻ കഴിയുന്നില്ല. നമ്മൾ പറഞ്ഞാൽ അനുസരിക്കില്ല. ഈയൊരവസ്ഥയിലേക്ക് വന്നെത്തി കാര്യങ്ങൾ. എഗ്രിമെന്റ് വാങ്ങാൻ പാടില്ലായിരുന്നോ? വാങ്ങേണ്ടതല്ലായിരുന്നോ? ഇതൊക്കെ തർക്ക വിഷയമായി..... ഇപ്പോൾ. അതുകൊണ്ട് എനിക്ക് സൂചിപ്പിക്കാനുള്ളത് എന്തായാലും ഇതു കൂട്ടി. ഇതിനകത്ത് എൻ.ആർ.ഐ. കാറ്റഗറിയും, മാനേജുമെന്റ് കാറ്റഗറിയും ക്യാപ്പിറ്റേഷൻ ഫീ വാങ്ങാൻ പാടില്ലാ എന്നല്ലേ നമ്മൾ പറഞ്ഞിരിക്കുന്നത്. ഈ നിയമത്തിൽ പെഡിംഗ് തന്നെ എന്താണ്? ക്യാപ്പിറ്റേഷൻ ഫീ നിരോധന നിയമത്തിന്റെ ഭേദഗതിയാണ്. പക്ഷേ ഇവിടെ വളരെ വ്യാപകമായിട്ട് ക്യാപ്പിറ്റേഷൻ ഫീ വാങ്ങുന്നു. അതൊരു സത്യമാണ്. എല്ലാവർക്കും അറിയാവുന്ന ഒരു സത്യമാണ്. ആ സത്യം സത്യമായി ഇവിടെ നിൽക്കുമ്പോൾ നമ്മുടെ സമൂഹം ചൂഷണത്തിന് വിധേയമാകുകയാണ്. അതിനൊരു പരിഹാരം ഉണ്ടാക്കാൻ ഒരു ശ്രമം നടത്തണം. തീർച്ചയായിട്ടും എഫക്ടീവായ എന്തു മെഷറും നമുക്കെടുക്കാൻ കഴിയും. നമ്മുടെ ചർച്ചയിൽ വന്നു. അതിനുശേഷം

LIBRARY ARCHIVES Kerala Legislative Assembly

മാനേജുമെന്റ് പ്രതിനിധികളുമായിട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചർച്ച നടത്തി. മറ്റ് കാലഘട്ടങ്ങളിൽ ഉണ്ടാകാത്തതിനേക്കാൾ വ്യത്യസ്ത അന്തരീക്ഷം ഇവിടെ ഉണ്ടായി. കാരണം self financing സ്ഥാപനങ്ങളെ സംബന്ധിച്ച് ഉണ്ടായിരുന്ന കക്ഷികളുടെ അഭിപ്രായത്തിൽ മാറ്റമുണ്ടായി. എല്ലാവർക്കും സ്വീകാര്യമായ അഭിപ്രായം കഴിഞ്ഞ ചർച്ചയിൽ ഉരുത്തിരിഞ്ഞുവന്നു. അതൊരു വലിയ മാറ്റം ആണ്. ആ വലിയ മാറ്റം ഈ രാജ്യം ഭരിക്കുന്ന രാഷ്ട്രീയ പ്രസ്ഥാനങ്ങൾ ജനാധിപത്യപരമായി തെരഞ്ഞെടുക്കപ്പെട്ട് ഭരിക്കുന്ന കക്ഷികളും പ്രതിപക്ഷത്തിരിക്കുന്നവരും എല്ലാപേരും കൂടി ഒരുമിച്ച് ചില അഭിപ്രായങ്ങൾ പറഞ്ഞതിനുശേഷവും പിന്നെയും അതിന് വഴിപ്പെടുകയില്ലെങ്കിൽ ഈ സ്ഥാപനങ്ങൾ നടത്തുന്ന ആളുകളെ വഴിപ്പെടുത്താനുള്ള ശ്രമം നമ്മുടെ ഭാഗത്തു നിന്നുണ്ടാകണം. ഇപ്പോൾ സീറ്റുകളെ സംബന്ധിച്ച് 7 എന്നുള്ളത് 15 ആക്കി. എത്രയോ ലക്ഷം രൂപ മാനേജുമെന്റുകളിലേക്ക് വളരെ ഈസിയായി വരും. വിദേശത്തുള്ള ആളുകൾക്കുവേണ്ടി നമ്മൾ ചെയ്യുന്ന ഒരു സേവനമല്ലേ എന്നു നമ്മൾ ചോദിച്ചാൽ സേവനമാണെന്ന് നമ്മളാരും പറയുമെന്നെനിക്കു തോന്നുന്നില്ല. അവിടെയും വിദേശത്തുപോയിരിക്കുന്ന പ്രവാസികളായിട്ടുള്ള ആളുകളിൽ ജീവിക്കാൻ വേണ്ടി പോയ ഒട്ടേറെ ആൾക്കാരുണ്ട്. അതിൽ ഗൾഫ് പ്രധാനമായും എടുക്കാം. അവിടെയാണ് ഏറ്റവും കൂടുതൽ മലയാളികളുള്ളത്. ഗൾഫിൽ പോയിരിക്കുന്നവരിൽ 5% പേർ ഉണ്ടോ സമ്പാദിക്കുന്നവർ? വളരെ കുറച്ചുപേരുടെ കയ്യിൽ പണം ഉണ്ട്. കുറച്ചുപേർ പണം സമ്പാദിക്കുന്നുണ്ട്. അവർ മില്ല്യനേഴ്സ് ആയിരിക്കും. ബാക്കിപോയിരിക്കുന്നവർ കൂലിപ്പണിയെടുക്കുന്നതിനും. മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി പോയപ്പോഴും, മറ്റ് നേതാക്കന്മാർ പോയപ്പോഴും അവിടെ അവരെ ക്യാമ്പുകളിൽ പോയി കണ്ടില്ലേ? വിസയില്ലാതെ ജയിലിൽ കിടക്കുന്നവരുണ്ട്. കഷ്ടപ്പെടുന്ന ഒരുപാട് ആൾക്കാരുണ്ട്. എല്ലാവരും പോയി കാണുന്നുണ്ട്. നമ്മുടെ മലയാളികളെ അങ്ങനെ കിടക്കുന്ന ആളുകളുടെ പേരിൽ വലിയ ആൾക്കാർക്ക് വേണ്ടി ഒരു ആനുകൂല്യവും ചെയ്തുകൊടുക്കേണ്ട ആവശ്യമില്ല. എന്ത് ആയാലും fait-accomply ആയി മാറി.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, എൻ.ആർ.ഐ.-യെ സംബന്ധിച്ച് മറുപടി പറയുമ്പോൾ പറയേണ്ട ഒരു കാര്യം ആണ്. എൻ.ആർ.ഐ.-യുടെ (വിദേശത്തുള്ള മലയാളികൾക്കുള്ള) സീറ്റിന്റെ കാര്യം ശരി. വിദേശത്തുള്ളവർ എന്നതിന്റെ നിർവ്വചനം എന്താണ്? നോർക്കാ ROOTS -ൽ നിന്ന് എന്ന് ഒരു നിർവ്വചനം പറയുന്നു. ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ പല ഉത്തരവുകളിലും പറയുന്നുണ്ട് സെൽഫ് ഫിനാൻസിംഗ് വന്നപ്പോൾ അതൊക്കെ മാറ്റി. എൻ.ആർ.ഐ. എന്നു പറഞ്ഞാൽ, ഒരു എൻ.ആർ.ഐ. ആൾക്ക്, അല്ലെങ്കിൽ എന്തെങ്കിലും പരിചയമോ, അടുപ്പമോ ഉള്ള ഒരു ആൾക്ക്, കടലാസ് കൊടുത്താൽ ഇതുപ്രകാരം എൻ.ആർ.ഐ. ആണ്. അവർക്കുവേണ്ടിയാണോ ഇത്? അതൊന്ന് വിശദീകരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബ്: ശ്രീ. കെ. പി. രാജേന്ദ്രൻ ഉന്നയിച്ചത് genuine ആയ ചോദ്യമാണ്. എൻ.ആർ.ഐ. എന്നുപറയുന്നതിനകത്ത് ആരൊക്കെ പെടും? ഏതു കാറ്റഗറിയിലെ ആൾക്കാരെ പെടുത്താം? അല്ലെങ്കിൽ അയാൾ വേറൊരാൾക്ക് കത്തുകൊടുത്താൽ എൻ.ആർ.ഐ.-യുടെ കീഴിൽ വരുമോ? ഇതെല്ലാം വരുന്നുണ്ട്. അതുകൊണ്ട് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് പറയാനുള്ളത് 'One time' ആക്കി മാറ്റാം. ഏതായാലും നിങ്ങൾ ഈ വർഷത്തിൽ ഓർഡിനൻസ് ഇറക്കി. അഡ്മിഷനും കഴിഞ്ഞു. നമുക്കിതു കൊണ്ടങ്ങ് അവസാനിപ്പിക്കാം. എന്നിട്ട് പഴയ രൂപത്തിൽ നിൽക്കട്ടെ. ഇത് മൊത്തമായി വരുന്ന ഒരു സ്ഥിതിവിശേഷം കൂടി കണക്കിലെടുത്ത് ഈ സഭയിൽ ഉയർന്നുവന്നിരിക്കുന്ന വികാരവും, നമ്മുടെ സംസ്ഥാനത്തുണ്ടായ പ്രത്യേക പ്രക്ഷോഭങ്ങളും സാഹചര്യങ്ങളും അതിനുശേഷം വിളിച്ചുകൂട്ടിയ രാഷ്ട്രീയ കക്ഷികളുടെ ചർച്ചയിൽ ഉണ്ടായ തീരുമാനവും. ആ കാര്യം മാനേജുമെന്റിന് കമ്മ്യൂണിക്കേറ്റ് ചെയ്തതിനുശേഷം അവരിതുവരെ പോസിറ്റീവായ പ്രതികരണം ഗവൺമെന്റിനോട് പറഞ്ഞിട്ടില്ലേ? അങ്ങനെ പറഞ്ഞിട്ടില്ലെങ്കിൽ അത് ഗവൺമെന്റിന് മാത്രമല്ലല്ലോ ക്ഷീണം? പൊതുവായ ആശയത്തോടു യോജിച്ച ഞങ്ങൾക്കെല്ലാവർക്കും അതിന്റെ ക്ഷീണമുണ്ട്. അപ്പോൾ ആ ഒരു സാഹചര്യം കൂടി കണക്കിലെടുത്ത് 'One time' ആക്കി നിർത്താൻ കഴിയുമോയെന്ന് ആലോചിക്കുക. അടുത്ത വർഷത്തേത് പിന്നെ വേണമെങ്കിൽ ആലോചിക്കാം. നമ്മൾ നിയമം പാസ്സാക്കിയാൽ പെർമനന്റ് ആണ്. എന്തുവേണം എന്നുള്ളത് ബഹുമാനപ്പെട്ട മന്ത്രി ആലോചിക്കുക. എന്താണെങ്കിലും ഇവിടെ ഇത് ഒരു regular phenomenon ആയി മാറുന്ന കാര്യത്തിൽ ആണ് എനിക്ക് വിയോജിപ്പുള്ളത്. ഇവിടെ അവതരിപ്പിച്ച പ്രമേയത്തെ പിൻതാങ്ങുന്നു.

ശ്രീ. സി. മോയിൻകുട്ടി: സർ, 2005-ലെ കേരള സ്വാശ്രയ പ്രൊഫഷണൽ കോളേജുകൾ (ക്യാപ്പിറ്റേഷൻ ഫീസ് നിരോധിക്കലും പ്രവേശനത്തിനുള്ള നടപടിക്രമവും ഫീസ് നിശ്ചയിക്കലും) ഭേദഗതി ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. പി. എസ്. സുപാൽ: സർ, 2004-ലെ സ്വാശ്രയ മാനേജ്മെന്റ് ഭേദഗതി.....

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, കഴിഞ്ഞ ബിഎസി യോഗത്തിൽ സമയം വൈകിയതുകൊണ്ട് ഭരണകക്ഷിയംഗങ്ങൾ സംസാരിക്കുന്നില്ലെന്ന് തീരുമാനിച്ചതായി മുഖ്യമന്ത്രി പറഞ്ഞ കാര്യം ചൂണ്ടിക്കാണിച്ച് ശ്രീ. ടി. എം. ജേക്കബ് പറഞ്ഞു. എന്നിട്ടും ഇന്നലെ ഭരണ കക്ഷിയംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു. ഇന്ന് ഞങ്ങൾ ഇത്രമാത്രം ഇവിടെ സംസാരിച്ചിട്ടും ഒരു ആളെങ്കിലും സംസാരിച്ചോ?

ശ്രീ. പി. എസ്. സുപാൽ: 2005-ലെ കേരള സ്വാശ്രയ പ്രൊഫഷണൽ കോളേജുകൾ (ക്യാപ്പിറ്റേഷൻ ഫീസ് നിരോധിക്കലും പ്രവേശനത്തിനുള്ള നടപടിക്രമവും ഫീസ്

LIBRARY ARCHIVES Kerala Legislative Assembly

നിശ്ചയിക്കലും) ഭേദഗതി ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. 2004-ൽ പാസ്സാക്കിയ ഈ നിയമം യഥാർത്ഥത്തിൽ സ്വാശ്രയ മാനേജുമെന്റുകൾക്കുവേണ്ടിയുള്ള നിയമം ആയിരുന്നു. ഈ ഭേദഗതി സ്വാശ്രയ മാനേജ്മെന്റുകളുടെ വിദ്യാഭ്യാസ കച്ചവടത്തിനെ വഴിവിട്ട് സഹായിക്കുന്നതിനു വേണ്ടിയുള്ള ഒരു ഭേദഗതിയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവിശ്വാസപ്രമേയ ചർച്ചയിലും പറഞ്ഞു നിയമം നിയമത്തിന്റെ വഴിക്കു പോകുമെന്ന്. സ്വാശ്രയ കോളേജ് മാനേജുമെന്റുകൾക്ക് നിയമം നിയമത്തിന്റെ വഴിക്കല്ല, സ്വാശ്രയമാനേജുമെന്റുകളുടെ വഴിക്കാണ് പോകുന്നത്. ഏത് ഭേദഗതി കൊണ്ടുവന്നാലും അത് വിദ്യാർത്ഥികളെ സഹായിക്കാനുള്ളതായിരിക്കില്ല മറിച്ച് മാനേജുമെന്റുകളെ സഹായിക്കാനുള്ളതായിരിക്കും. ഇവിടെ ശ്രീ. ജയരാജനും ശ്രീ. ടി. എം. ജേക്കബും വളരെ പ്രസക്തമായ കാര്യങ്ങൾ സൂചിപ്പിച്ചു. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ഈ കാര്യങ്ങളെ സംബന്ധിച്ച് വളരെ വ്യക്തതയോടെ പ്രതികരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഈ ഭേദഗതിയിലൂടെ മാനേജ്മെന്റ് സീറ്റുകളിൽ NRI quota 15% എന്നത് 15 എണ്ണം എന്ന തരത്തിലാണ് ഭേദഗതി വന്നിരിക്കുന്നത്. NRI-ക്കാരെ സഹായിക്കുന്നതിന് മാനേജ്മെന്റുകൾക്കെതിരായിട്ടുള്ള ഭേദഗതിയാണെന്നാണ് ഇതുകേട്ടാൽ നമ്മൾ എല്ലാവരും തെറ്റിദ്ധരിക്കുന്നത്. എന്നാൽ NRI-ക്കാരെ സഹായിക്കുന്നതിനല്ല മറിച്ച് മാനേജുമെന്റുകൾക്ക് കൂടുതൽ സാമ്പത്തിക ലാഭം ഉണ്ടാക്കുന്നതിനുവേണ്ടി കച്ചവടം നടത്താൻ വേണ്ടി കൊണ്ടുവന്ന ഒരു ഭേദഗതിയാണ്. NRI quota-യിൽ ആർക്കും അഡ്മിഷൻ കൊടുക്കാം. ഏറ്റവും കൂടുതൽ ക്യാപ്പിറ്റേഷൻ ഫീസ് ..... ഇത് സുപ്രീം കോടതി നിരോധിച്ചതാണ്. തലവരിപ്പണം വാങ്ങാൻ പാടില്ല എന്നാണ്. എന്നാൽ ക്യാപ്പിറ്റേഷൻ ഫീസ് ഏറ്റവും കൂടുതൽ വാങ്ങുന്നത് NRI Quota-യിൽ ഉള്ള സീറ്റുകൾക്കുവേണ്ടിയാണ്. NRI എന്നു പറഞ്ഞാൽ വല്ല നിർവ്വചനവുമുണ്ടോ? വിദേശത്ത് താമസിക്കുന്ന മലയാളികൾ, അവരുടെ മക്കൾ അതാണ് NRI-യുടെ പരിധിയിൽ വരുന്നത്. പക്ഷേ അതിന് യാതൊരു വിലയുമില്ല. അതിന് പുല്ലുവില കല്പിച്ചുകൊണ്ട് വിദ്യാർത്ഥികൾക്ക്, NRI Quota-യിൽ ആർക്കും അഡ്മിഷൻ കൊടുക്കാമെന്ന നിലപാടാണ് സ്വാശ്രയ കോളേജുകളിൽ നടന്നുകൊണ്ടിരിക്കുന്നത്. അതിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി വ്യക്തമായി മറുപടി പറയണം. ആർക്കും NRI Quota യിൽ അഡ്മിഷൻ കൊടുക്കാൻ പാടുണ്ടോ? ആ കാറ്റഗറിയിൽ കൂടുതൽ കാശ് വാങ്ങി അഡ്മിഷൻ കൊടുക്കാനുള്ള സൗകര്യം സ്വകാര്യ സ്വാശ്രയ മാനേജുമെന്റുകൾക്ക് നൽകുക എന്ന സമീപനമാണ് ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. ഇവിടെ സുപ്രീംകോടതി വിധിയെപ്പറ്റി നിങ്ങൾ എപ്പോഴും പറയും. ഫീസിന്റെ കാര്യത്തിൽ, മെറിറ്റ് സീറ്റിൽ സർക്കാർ ഫീസ് ഏർപ്പെടുത്തണമെന്നുപറയുമ്പോൾ നിങ്ങൾ ഉണ്ണിക്കൃഷ്ണൻ കേസ്, അ കേസ്, ഈ കേസ് എന്നൊക്കെ പറയും. അതുപോലെ സുപ്രീംകോടതി

LIBRARY ARCHIVES Kerala Legislative Assembly

രണ്ടു ഫീസ് ഏർപ്പെടുത്താൻ പാടില്ല എന്ന് ഒരു വ്യവസ്ഥ പറഞ്ഞിട്ടുണ്ട് എന്നൊക്കെ പറയുന്നു. ഏറ്റവും ഒടുവിൽ സുപ്രീംകോടതിയുടെ ഒരു വിധിയുണ്ട്. തമിഴ്നാട് ഗവൺമെന്റ് പൊതുപ്രവേശന പരീക്ഷ ഒഴിവാക്കി പ്രൊഫഷണൽ കോഴ്സ് പ്രവേശനം നടത്തുന്നതുമായി ബന്ധപ്പെട്ട് ഉണ്ടായിരുന്ന തീരുമാനം സുപ്രീകോടതി റദ്ദാക്കി. ആ തീരുമാനം റദ്ദാക്കിക്കൊണ്ട് വിധി പ്രസ്താവിച്ചപ്പോൾ സുപ്രീംകോടതി പറഞ്ഞത് സ്വാശ്രയ കോളേജുകളിലെ മാനേജ്മെന്റ് ക്വാട്ടയിൽ പ്രവേശനത്തിന് വേണ്ടിയുള്ള പരീക്ഷ നടത്തുന്നത് ഒരു ഹൈക്കോടതി ജഡ്ജിയുടെ പദവിയിൽ ഉള്ള വ്യക്തി ചെയർമാനായുള്ള സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിലായിരിക്കണം എന്നാണ്. എനിക്ക് ചോദിക്കാനുള്ളത് ആ സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിലാണോ നിങ്ങളുടെ സ്വാശ്രയ മാനേജുമെന്റുകൾ ഈ പ്രവേശന പരീക്ഷ നടത്തുന്നത്. സുപ്രീം കോടതിയുടെ ഈ വിധി നിങ്ങൾ പാലിക്കാൻ തയ്യാറാണോ?

ശ്രീ. പി. ജയരാജൻ: ശ്രീ. സുപാൽ, ഇവിടെ ഇതുമായി ബന്ധപ്പെട്ട കേസുകളിൽ എല്ലാം ഗവൺമെന്റ് തോറ്റുകൊണ്ടിരിക്കുന്ന കാര്യമെന്താണ്? സർക്കാർ വക്കീൽ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട എല്ലാ കേസുകളിലും തോറ്റുകൊണ്ടിരിക്കുന്നത് ഗവൺമെന്റും സ്വാശ്രയമാനേജുമെന്റും തമ്മിലുള്ള ഒരു ഒത്തുകളിയുടെ ഭാഗമാണ് എന്ന് ബഹുമാനപ്പെട്ട അംഗം മനസ്സിലാക്കിയിട്ടുണ്ടോ?

ശ്രീ. പി. എസ്. സുപാൽ: ഒത്തുകളിയല്ല. ഇത് സർക്കാരിനെ വിലയ്ക്കെടുത്തിരിക്കുകയാണ്. ഒത്തുകളിയുടെ പ്രശ്നം വരുന്നില്ല. രഹസ്യമായ കളിയല്ല പരസ്യമായ കളിയല്ലേ നടക്കുന്നത്. കോടതിയുടെ നിലപാട് ശരിയല്ല. കാര്യങ്ങൾ മനസ്സിലാക്കിയല്ല കോടതി പല തീരുമാനങ്ങളും എടുക്കുന്നത്. പരീക്ഷയുമായി ബന്ധപ്പെട്ട് കോടതിയുടെ പരാമർശം ആ ധാരണയുടെ അടിസ്ഥാനത്തിൽ അല്ലേ? നിങ്ങൾ സ്വാശ്രയ മാനേജുമെന്റുമായി ബന്ധപ്പെട്ട് മാനേജുമെന്റ് ക്വാട്ടയിൽ പ്രവേശന പരീക്ഷ നടത്തിയത് കേരളം കണ്ടതാണ്. പത്തിരുപത് കേന്ദ്രങ്ങളിൽ സ്വാശ്രയ കോളേജുകൾ പ്രവേശന പരീക്ഷ നടത്തി. തലേന്ന് രാത്രി അറിയിപ്പുകൊടുത്തു. നിശ്ചയിച്ച കേന്ദ്രങ്ങൾ പലതും മാറ്റി, രഹസ്യസങ്കേതത്തിൽ പരീക്ഷ നടത്തി. സ്വാശ്രയ മാനേജുമെന്റുകൾ ഒരുക്കി കൊടുത്ത സ്ഥലത്തുവച്ച് പ്രവേശന പരീക്ഷ നടത്തി. ചോദ്യം നേരത്തെ തന്നെ വിദ്യാർത്ഥികൾക്ക് കൊടുത്ത് ആൻസർ എഴുതാൻ സൗകര്യം കൊടുത്തു. ഒരുപാടു ചോദ്യങ്ങൾ കാണും എങ്കിലും എല്ലാ മാനേജുമെന്റുകളും വിദ്യാർത്ഥികളോട് ഈ പ്രവേശന പരീക്ഷയുമായി ബന്ധപ്പെട്ട് ചോദിച്ച ഒരു പ്രധാനപ്പെട്ട ചോദ്യം എത്ര രൂപ നിനക്ക് തരാം എന്നുള്ളതായിരുന്നു. ഏറ്റവും കൂടുതൽ തരാം എന്നു പറഞ്ഞ ആളുകളെ മുഴുവൻ പ്രവേശന പരീക്ഷയിൽ വിജയിപ്പിച്ചു. ഇതല്ലേ കേരളത്തിൽ നടന്നത്? സ്വാശ്രയ കോളേജുമായി ബന്ധപ്പെട്ട എല്ലാ

LIBRARY ARCHIVES Kerala Legislative Assembly

കാര്യങ്ങളും ശരിയ്യായ രീതിയിൽ നടക്കുന്നു എന്ന തരത്തിലാണ് ഗവൺമെന്റ് പറഞ്ഞുകൊണ്ടിരിക്കുന്നത്. എവിടെയാണ് ശരിയായ രീതിയിൽ നടക്കുന്നത്? വിദ്യാഭ്യാസ മന്ത്രി ഇത് സംബന്ധിച്ച് വ്യക്തമാക്കുമല്ലോ. സുപ്രീംകോടതിയുടെ ക്യാപ്പിറ്റേഷൻ സംബന്ധിച്ച നിയമം, ഇവർ ഈ നിയമത്തിന്റെ പ്രത്യേകതയേയും പരിപാവനതയേയും സംബന്ധിച്ചും കേരളത്തിൽ ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ ഉണ്ടായ വിദ്യാഭ്യാസപരമായ മുന്നേറ്റം സംബന്ധിച്ചുമൊക്കെ വലിയ വാക്കിൽ പറഞ്ഞു. ക്യാപ്പിറ്റേഷൻ ഫീസ് നിരോധിച്ചു കൊണ്ടുള്ള നിയമമാണിത്. അതല്ലേ കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്നത്. ഇവിടെ തലവരിപ്പണം എണ്ണിവാങ്ങുകയല്ലേ. എൻജിനീയറിംഗിന്, എം.ബി.ബി.എസ്.-ന്, ബി.എസ്.സി. നേഴ്സിംഗിന്, എന്നുവേണ്ട കേരളത്തിൽ അനുവദിച്ച എല്ലാ സ്വാശ്രയ പ്രൊഫഷണൽ കോഴ്സുകൾക്കും മാനേജുമെന്റുകൾ തലവരി വാങ്ങുന്നുണ്ട്. മെഡിക്കൽ കോളേജുകളിൽ 35 ലക്ഷം, 40 ലക്ഷം, എൻജിനീയറിംഗ് കോളേജുകളിലും ലക്ഷങ്ങൾ, ബി.എസ്.സി. നേഴ്സിംഗിന് ലക്ഷങ്ങൾ വാങ്ങുന്നു. ഏത് മാനേജ്മെന്റാണ് വാങ്ങാത്തത്? തലവരിപ്പണം വ്യാപകമായി വരുന്നു. ഈ നിയമത്തിന് എന്തു വിലയാണുള്ളത്? ഈ നിയമത്തിന് എന്തു പരിപാവനതയാണുള്ളത്? നിയമത്തിന് പുല്ലുവിലയാണ് മാനേജുമെന്റുകൾ കല്പിക്കുന്നത്. മാനേജുമെന്റും ഗവൺമെന്റും തമ്മിൽ അവിശുദ്ധ ബന്ധമാണ് കേരളത്തിൽ നിലനിൽക്കുന്നത്. മെറിറ്റ് സീറ്റിൽ അഡ്മിഷൻ ലഭിക്കുന്ന വിദ്യാർത്ഥികളുടെ സ്ഥിതിയെന്താണ്? അവിശ്വാസ പ്രമേയ ചർച്ചയിലടക്കം വാതോരാതെ മുഖ്യമന്ത്രിയടക്കം പറഞ്ഞത് എന്താണ് ഈ രംഗത്തുള്ള നേട്ടങ്ങളെ സംബന്ധിച്ച്. മെറിറ്റ് സീറ്റിൽ അഡ്മിഷൻ കിട്ടിയ വിദ്യാർത്ഥികളുടെ സ്ഥിതിയെന്താണ്? മെഡിക്കൽ കോളേജിൽ നിന്ന് വിദ്യാർത്ഥികളെ പുറത്താക്കിക്കൊണ്ടിരിക്കുന്നു. മാനേജുമെന്റുകളുടെ ഗുണ്ടകൾ വിദ്യാർത്ഥികളെ തെരുവിലിട്ടു കൈകാര്യം ചെയ്യുന്നു. ശ്രീ. ജയരാജൻ കാരക്കോണം മെഡിക്കൽ കോളേജിലെ കാര്യം പറഞ്ഞു. ഇന്നലെ രാത്രി ആ വിദ്യാർത്ഥികൾ എന്നെ കാണാൻ വന്നു. വളരെ നല്ലതുപോലെ പഠിക്കുന്ന കുട്ടികൾ. ഒന്നാം റാങ്കോടുകൂടി പാസ്സായ കുട്ടികൾ, 2002-2003 അധ്യയന വർഷം കാരക്കോണം മെഡിക്കൽ കോളേജിൽ അഡ്മിഷൻ ലഭിച്ച കുട്ടികൾ ആണ്. അവർ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കും ആരോഗ്യ വകുപ്പുമന്ത്രിക്കും നിവേദനം കൊടുത്തു. ഇത് പരിഹരിക്കണമെന്ന് അഭ്യർത്ഥിച്ച് പലവട്ടം നിങ്ങളെ വിദ്യാർത്ഥികൾ കണ്ടു. അവരെ പുറത്താക്കിയിരിക്കുകയാണ്. ഫീസിന് എന്തെങ്കിലും നിയതമായ രൂപമുണ്ടോ? ആദ്യം 28,750 രൂപ ഫീസ് കൊടുക്കണമെന്ന് പറഞ്ഞു, അതിനുശേഷം 1,50,000 കൊടുക്കണം എന്നു പറഞ്ഞു, പിന്നീട് 1,76,000 കൊടുക്കണമെന്ന് പറഞ്ഞു. രണ്ടാം വർഷം ആണ് അവർ പഠിക്കുന്നത്. രണ്ടുവർഷത്തെ ഫീസ് ഏതാണ്ട് അഞ്ചുലക്ഷത്തോളം രൂപയാണ് എം.ബി.ബി.എസ്സ്.-നു കാരക്കോണം മെഡിക്കൽ

LIBRARY ARCHIVES Kerala Legislative Assembly

കോളേജിൽ മെറിറ്റ് സീറ്റിൽ അഡ്മിഷൻ ലഭിച്ച കുട്ടികൾ കൊടുത്തത്. ഈ വിദ്യാർത്ഥികൾ മോശം വിദ്യാർത്ഥികൾ അല്ല. ശ്രുതി എന്നു പറയുന്ന കുട്ടി ഒന്നാം വർഷ എം.ബി.ബി.എസ്സ്. പരീക്ഷയിൽ ഒന്നാം റാങ്ക് നേടിയ വിദ്യാർത്ഥിനിയാണ്. ആ കുട്ടിയാണ് അവിടെ നിരാഹാരം കിടക്കുന്നത്.

ശ്രീ. വി. കെ. ചന്ദ്രൻ: സർ, എന്റേയും ബഹുമാന്യനായ വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടേയും നിയോജകമണ്ഡലങ്ങളുടെ അതിർത്തിയിലുള്ള കാവുശ്ശേരി ദന്തൽ കോളേജിൽ 18,200 രൂപയാണ് കഴിഞ്ഞ വർഷം ഫീസിനത്തിൽ വാങ്ങിയത്. ഈ വർഷം അതേ കുട്ടികൾ വന്നപ്പോൾ 76,000 രൂപ ഫീസ് ഉണ്ടെങ്കിലേ പഠിക്കാൻ കഴിയുകയുള്ളൂ എന്നുപറഞ്ഞു. അവിടെ വിദ്യാർത്ഥി സംഘടനകളുടെ നേതൃത്വത്തിൽ സമരം ആരംഭിച്ചു. സമരം ആരംഭിച്ചപ്പോൾ പോലീസും മാനേജുമെന്റുംകൂടി കുട്ടികളുടെ രക്ഷാകർത്താക്കളെ വിളിച്ച് കൺസിലിയേഷൻ നടത്തുകയാണ്. 76,000 രൂപ ഫീസ് വേണമെന്നുപറഞ്ഞു. 50,000 രൂപ തന്നാൽ നിങ്ങളുടെ കുട്ടികളെ പഠിപ്പിക്കാം, ഏറ്റവും അവസാനം 35,000 രൂപ എന്നുപറഞ്ഞു. ഏതാണ്ട് കാവിച്ചന്തയിൽ നടക്കുന്ന കച്ചവടംപോലെ, ഏറ്റവും അവസാനം 20,000 രൂപയിൽ കരാർ ഉറപ്പിച്ച് ഇപ്പോൾ അവിടെ പഠനം ആരംഭിച്ചിരിക്കുകയാണ്. ഇമ്മാതിരിയുള്ള കോളേജിൽ ഫീസിന്റെ റേറ്റ് നിശ്ചയിക്കുന്നതിലോ മറ്റു കാര്യങ്ങളിലോ ഒരു മാനദണ്ഡവുമില്ല.

ശ്രീ. പി. എസ്. സുപാൽ: സർ, ഇതുപോലുള്ള വളരെയധികം ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കാനുണ്ട്. ലേലംവിളിയാണ് നടക്കുന്നത്. എന്തൊരു അപമാനമാണ് കേരളത്തിൽ ഈ വിദ്യാഭ്യാസ രംഗത്ത് ഉണ്ടാകുന്നത്? ഇവിടെയുള്ള കമ്മ്യൂണിസ്റ്റ് ഗവൺമെന്റുകൾ, ഇടതുപക്ഷ ഗവൺമെന്റുകൾ കേരളത്തിലെ വിദ്യാഭ്യാസ രംഗത്ത് വരുത്തിയ മാറ്റങ്ങൾ പൊതു വിദ്യാഭ്യാസ രംഗം ശക്തമാക്കുന്നതിനുവേണ്ടി സ്വീകരിച്ച നടപടികൾ, കേരളത്തിലെ സാമൂഹ്യ രംഗത്തുണ്ടാക്കിയ മാറ്റങ്ങൾ, വിദ്യാഭ്യാസ രംഗത്തുണ്ടാക്കിയ പുരോഗതി, സർവ്വകലാശാലാ വിദ്യാഭ്യാസം ഇതെല്ലാം തകർത്ത് ഒരു കച്ചവടമേഖലയായി വിദ്യാഭ്യാസമേഖലയെ മാറ്റുന്ന നയസമീപനമാണ് നിങ്ങൾ ഈ കേരളത്തിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. അതിന്റെ പ്രകടമായ ഉദാഹരണങ്ങളാണ് കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്നത്. അങ്ങനെയുള്ള നയമാണ് കേരളത്തിൽ യു.ഡി.എഫ്. ഗവൺമെന്റ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ഈ ബില്ലിലൂടേയും അതാണ് അവർ ആവർത്തിച്ചാവർത്തിച്ച് കൊണ്ടുവരാൻ ശ്രമിക്കുന്നത്. ഇവിടെ ശ്രുതി എന്ന കുട്ടിയുടെ കാര്യം പറഞ്ഞു. രണ്ടാംറാങ്ക് നേടിയ ബിനീഷ് എന്നുപറയുന്ന വിദ്യാർത്ഥി അടക്കം അവിടെ സമരത്തിൽ പങ്കെടുക്കുകയാണ്. അവരെല്ലാം വലിയ സമ്പന്നരായ ആളുകളുടെ വീട്ടിൽ നിന്നും വരുന്ന കുട്ടികളല്ല. പാവപ്പെട്ട കുട്ടികൾക്ക് പഠിക്കാൻ അവസരം കിട്ടിയെന്ന് നിങ്ങളിവിടെ പറഞ്ഞല്ലോ. കേരളത്തിൽ എം.ബി.ബി.എസ്.-നും

LIBRARY ARCHIVES Kerala Legislative Assembly

എഞ്ചിനീയറിംഗിനും പാവപ്പെട്ട വിദ്യാർത്ഥികൾക്ക് കഴിഞ്ഞ നാളുകളെക്കാൾ സീറ്റുകൾ കൂടിയെന്നാണ് നിങ്ങൾ അവകാശപ്പെട്ടത്. ഇവരെല്ലാം വലിയ സമ്പന്ന കുടുംബങ്ങളിൽ നിന്നും വരുന്ന വിദ്യാർത്ഥികളല്ല. വിദ്യാർത്ഥികൾക്ക് അഡ്മിഷൻ കിട്ടിയെന്നു പറയുന്നത് ശരിയാണ്. ആ പാവപ്പെട്ട വിദ്യാർത്ഥികൾ ഇന്ന് തെരുവോരങ്ങളിലൂടെ അലയുകയാണ്. നല്ലതുപോലെ പഠിക്കുന്ന കുട്ടികൾ, മറ്റു പല കോഴ്സുകൾക്കും അഡ്മിഷൻ കിട്ടിയ വിദ്യാർത്ഥികൾ നിങ്ങളുടെ വാക്ക് വിശ്വസിച്ചാണ് ഈ വിദ്യാഭ്യാസ സ്ഥാപനത്തിൽ അഡ്മിഷനെടുത്തു പഠിക്കുന്നത്. പക്ഷേ, നിങ്ങൾ അവരുടെ രോദനങ്ങൾ കേൾക്കാൻ തയ്യാറാകുന്നില്ല. അവരുടെ കണ്ണുനീർ കാണുവാൻ നിങ്ങൾക്ക് കഴിയുന്നില്ല. നിങ്ങൾ ഒരു സ്വപ്നലോകത്ത് ജീവിക്കുകയാണ്. നിങ്ങൾ മാനേജുമെന്റുകൾ മാത്രം പറയുന്നത് കേൾക്കുകയാണ്. ഈ സമീപനത്തോട് എങ്ങനെ യോജിക്കാൻ കഴിയും? അതിനെതിരായിട്ടാണ് കേരളത്തിലെ വിദ്യാർത്ഥികൾ പ്രക്ഷോഭം നടത്തുന്നത്. അതിനെതിരായിട്ടാണ് കേരളത്തിലെ യുവജനങ്ങൾ പ്രക്ഷോഭം നടത്തുന്നത്. അതിനെതിരായിട്ടാണ് ഈ കേരളത്തിലെ ജനതയാകെ, രക്ഷാകർത്താക്കൾ ഒന്നടങ്കം പ്രക്ഷോഭങ്ങൾ സംഘടിപ്പിക്കുന്നത്. അല്ലാതെ മറ്റൊന്നിനുംവേണ്ടി നടത്തുന്ന സമരമല്ല. ഇതു കണ്ടില്ല, കേട്ടില്ല എന്നുനടിക്കുവാൻ ഞങ്ങൾക്ക് എങ്ങനെ കഴിയും? എങ്ങനെ ഈ നയങ്ങൾക്കെതിരായി പ്രതിഷേധിക്കാതിരിക്കാൻ കഴിയും? ഇതുമായി ബന്ധപ്പെട്ട് ഒരു കാര്യം അങ്ങ് മനസ്സിലാക്കേണ്ടത് അവസാനം ഒരു പേപ്പർ അവർക്ക് കൊടുത്തിട്ടുണ്ട്. അത് മൂന്നും നാലും വർഷങ്ങളിലെ ഫീസ് സംബന്ധിച്ചാണ്. ഇപ്പോൾ രണ്ടു വർഷത്തെ ഫീസ് ഏതാണ്ട് 5 ലക്ഷത്തോളം രൂപ അവരിൽനിന്നും വാങ്ങി. ഇതുസംബന്ധിച്ച സുപ്രീംകോടതി വിധി വരാനിരിക്കുന്നതേയുള്ളൂ. അത് വരുന്നതിനുമുമ്പ് കാരക്കോണം മെഡിക്കൽ കോളേജിന്റെ അധികാരികൾ വിദ്യാർത്ഥികൾക്ക് കൊടുത്ത രസീതാണിത്. ഇത് അങ്ങേയ്ക്ക് ഞാൻ തന്നിട്ടുണ്ട്. അതിനകത്ത് പറഞ്ഞിരിക്കുന്നത് മൂന്നാംവർഷം 4,56,600 രൂപ കൂടി കരുതിവയ്ക്കുക എന്നാണ്. നാലാം വർഷത്തെ ഫീസും 4,56,600 രൂപ കരുതിവയ്ക്കുക. അഞ്ചാം വർഷവും 4,56,000 രൂപ കരുതിവയ്ക്കുക. ഒന്നാംറാങ്കോടുകൂടി പാസ്സായ വിദ്യാർത്ഥികളോട് ഫീസിനത്തിൽ 20-ഉം 25-ഉം ലക്ഷം രൂപയാണ് വാങ്ങുന്നത്. പാവപ്പെട്ടവരെ സഹായിക്കുന്ന എന്ത് നയമാണിത്? അത് പാവപ്പെട്ടവരെ സഹായിക്കുന്ന നയമാണോ? സുപ്രീംകോടതി വിധി അവർക്കനുകൂലമായി വരുമെന്ന് അവർ കരുതുകയാണ്. ഈ ഗവൺമെന്റിന്റെ വക്കീലന്മാരൊക്കെ അവർക്കുവേണ്ടി തോറ്റുകൊടുക്കുമെന്ന് അവർക്ക് നല്ലതുപോലെ അറിയാം. അതുകൊണ്ടാണ് സുപ്രീംകോടതി വിധി വരുന്നതിനുമുമ്പ്.....

ശ്രീ. പി. സി. ജോർജ്: സർ, ബഹുമാനപ്പെട്ട പി. എസ്. സുപാൽ പറഞ്ഞതിൽ ഒരു 27,000 രൂപയുടെ കുറവുവരും. ഹോസ്റ്റൽ ഫീസ് ഉൾപ്പെടെയാണ് വായിച്ചത്. ആ പാവപ്പെട്ട വിദ്യാർത്ഥികൾ സമരം ചെയ്ത പന്തൽ പൊളിച്ചുകളഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

എഴുന്നേറ്റു നിൽക്കാൻ ആരോഗ്യമില്ലാത്ത കുട്ടികളെ പ്രതിയാക്കി നാല് കേസ് എടുത്തു. വടിവാൾ ഉൾപ്പെടെ ഉപയോഗിച്ചു എന്ന കള്ളക്കേസാണ് മേലുദ്യോഗസ്ഥർ ഇപ്പോൾ എടുത്തിരിക്കുന്നത്. ഇത്ര മൃഗീയമായി പെരുമാറുന്ന മാനേജുമെന്റുള്ളപ്പോൾ അവർക്കനുകൂലമായി ഒരു നിയമമുണ്ടാക്കാൻ ബഹുമാന്യനായ ഇ. ടി. മുഹമ്മദ് ബഷീറിനെപ്പോലുള്ള ഒരാൾ തയ്യാറാകുന്നത് നീതീകരിക്കാൻ കഴിയുന്ന കാര്യമാണോ?

ശ്രീ. പി. എസ്. സുപാൽ: മാന്യമായി സമരം നടത്താൻപോലും അവർക്ക് കഴിയുന്നില്ല. അവിടെ അവർ നിരാഹാരസമരം ആരംഭിച്ചു. അവരുടെ സമരപ്പന്തൽ അടിച്ചുപൊളിച്ചുകളഞ്ഞു. ഡിവൈ.എസ്.പി. അടക്കമുള്ള പോലീസ് ഉദ്യോഗസ്ഥന്മാർ അവരെ മാന്യമായി സമരം നടത്താൻപോലും അനുവദിക്കുന്നില്ല. ഹോസ്റ്റലുകൾ റെയ്ഡ് നടത്തുന്നു. വിദ്യാർത്ഥിനികളുടെ വീടുകളിൽ ഫോൺ ചെയ്ത് ആ വിദ്യാർത്ഥിനികൾ മോശപ്പെട്ട സ്വഭാവമുള്ളവരാണെന്നു പറയുന്നു. ഇതെന്താ വെള്ളരിക്കാ പട്ടണമാണോ? ഇതൊന്നും നിങ്ങൾക്ക് കാണാൻ കഴിയുന്നില്ലേ? എനിക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയോടും ഗവൺമെന്റിനോടും പറയാനുള്ളത്, ഇത്തരത്തിൽ മാനേജുമെന്റുകളെ സഹായിക്കാനുള്ള ചെറിയ ചെറിയ ഭേദഗതികളല്ല ചെയ്യേണ്ടത്. ശ്രീ. ഇ. ടി. മുഹമ്മദ് ബഷീറിന്റെ ഭാഷയിൽ പറഞ്ഞാൽ ഒരു ചെറിയ 50 ലക്ഷം, ഒരു ചെറിയ 75 ലക്ഷം, ഒരു ചെറിയ ഒരു കോടി. ഇതല്ലേ ഒരു ചെറിയ ഭേദഗതി എന്നു പറയുമ്പോൾ മാനേജുമെന്റുകൾ വാങ്ങുന്നത്? ഇവിടെ നിങ്ങൾക്ക് ആത്മാർത്ഥതയുണ്ടെങ്കിൽ ഭേദഗതികൾ കൊണ്ടുവരികയല്ല ചെയ്യേണ്ടത്, മറിച്ച് ഇത് 9-ാം ഷെഡ്യൂളിൽപ്പെടുത്തി മെരിറ്റ് സീറ്റിൽ അഡ്മിഷൻ ലഭിച്ച വിദ്യാർത്ഥികൾക്ക് മുഴുവൻ സർക്കാർ ഫീസിൽ പഠിക്കാൻ കഴിയുന്നതരത്തിലുള്ള സംവിധാനമുണ്ടാക്കുക എന്നുള്ളതാണ്. അല്ലാതെ ഇതുപോലുള്ള മാനേജുമെന്റുകളെ സഹായിക്കുന്ന ഭേദഗതികൾ കൊണ്ടുവരികയല്ല നിങ്ങൾ ചെയ്യേണ്ടത്. അതിനുള്ള ഒരു ആർജ്ജവം നിങ്ങൾക്കുണ്ടാകണം. നിങ്ങൾ 2004-ൽ പാസ്സാക്കിയ നിയമമാണ്. നിങ്ങൾ കത്തയച്ചു എന്നു പറയുന്നു. ഞങ്ങളുടെ പേരിൽ കുറ്റം ആരോപിക്കാൻ ശ്രമിക്കുന്നു, ഒരു തർക്കവുമില്ലല്ലോ ഇപ്പോൾ? നിങ്ങൾ എന്തു നടപടി സ്വീകരിച്ചു? എം.പി.മാരുടെ യോഗത്തിൽ നിങ്ങൾ പറഞ്ഞോ? ഈ പാർലമെന്റ് സമ്മേളനം നടക്കുന്ന അവസരത്തിൽ അത് 9-ാം ഷെഡ്യൂളിൽപ്പെടുത്താൻ നിങ്ങൾ നടപടി സ്വീകരിക്കുമോ? അങ്ങനെ വിദ്യാർത്ഥികൾക്ക് പ്രയോജനമുണ്ടാകുന്ന സംവിധാനം സമൂഹത്തിൽ സൃഷ്ടിക്കാൻ ശ്രമിക്കുമോ? അതിന് നിങ്ങൾ മുൻകൈ എടുക്കുകയാണ് വേണ്ടതെന്നു പറഞ്ഞുകൊണ്ട് ഈ ഭേദഗതി ഞാൻ അവതരിപ്പിക്കുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ)*: സർ, സ്വാശ്രയ കോളേജിന്റെ പ്രശ്നം സംബന്ധിച്ച് ഇന്നലെ എല്ലാ പോയിന്റിനും ഞാൻ വിശദമായ

LIBRARY ARCHIVES Kerala Legislative Assembly

മറുപടി പറഞ്ഞതുകൊണ്ട് വീണ്ടും സമയച്ചുരുക്കംകൊണ്ട് അതിലേക്ക് കടക്കുന്നില്ല. ഗവൺമെന്റിന് ഇപ്പോൾ ചെയ്യാൻ കഴിയുന്ന കാര്യം നിങ്ങൾക്കെല്ലാം അറിയാവുന്ന കാര്യമാണ്, കോടതിവിധി നിലനിൽക്കുന്നു. ഉടനെതന്നെ ഇതുസംബന്ധിച്ച് സമ്പൂർണ്ണമായ വിധിവരാൻ പോകുന്നു. ഒന്നുരണ്ടാഴ്ചയ്ക്കുള്ളിൽ വിധി വന്നേക്കും. കാരണം, ഹിയറിംഗ് കഴിഞ്ഞിരിക്കുകയാണ്. അതു വന്നുകഴിഞ്ഞാൽ സ്വാഭാവികമായും ഇതിനൊരു വ്യക്തതവരും. അതിനുപുറമെയുള്ള ഡെവലപ്മെന്റെന്നു പറയുന്നത് കേന്ദ്ര ഗവൺമെന്റ് നിയമത്തിന്റെ ഡ്രാഫ്റ്റ് എല്ലാ സംസ്ഥാനങ്ങൾക്കും തന്നിട്ടുണ്ട്. ഒന്നരമാസത്തിനുള്ളിൽ ഡ്രാഫ്റ്റ് പരിശോധിച്ച് സ്റ്റേറ്റ് ഗവൺമെന്റിന്റെ വ്യൂ പറയണമെന്ന് പറഞ്ഞിരിക്കുകയാണ്. അതും ഞങ്ങൾ ചെയ്യാൻ പോവുകയാണ്, ഇവിടെ പറഞ്ഞതുപോലെ സമൂഹത്തിൽ മെറിറ്റിൽ വരുന്ന കുട്ടികൾക്ക് ഗവൺമെന്റ് fees structure-ൽത്തന്നെ പഠിക്കാനുതകുന്ന വിധത്തിൽ കേന്ദ്രഗവൺമെന്റ് കൊണ്ടുവന്നിട്ടുള്ള നിയമം, അതിലേക്ക് എത്തിക്കുന്ന വിധത്തിൽ ഭേദഗതി വരുത്തുമോ, അത് വരുത്തിക്കൊണ്ടുള്ള ഞങ്ങളുടെ പ്രൊപ്പോസലും ഈ സമയത്തിനുള്ളിൽത്തന്നെ ഞങ്ങൾ ചെയ്യുന്നതാണ്. അതിനിടയിൽ ചെയ്യാൻ കഴിയുന്നതെന്താണ്? ഇപ്പോൾ compromise formula ഉണ്ടാക്കാൻ കഴിയുമോ? കഴിയില്ല. കേരളത്തിന്റെ സാഹചര്യത്തിൽ നമുക്കൊരു compromise formula-യ്ക്ക് പോകാൻ കഴിയില്ല. മറ്റൊരു വിധി കാത്തുനിൽക്കുന്ന സമയത്ത് ഇവിടെയൊരു compromise ഉണ്ടാക്കാൻ ആർക്കും കഴിയില്ല. Amicable settlement ഉണ്ടാക്കാൻ കഴിയും. അതിന് എല്ലാവരും ആലോചിക്കണ്ടേ; അല്ലാതെ ഗവൺമെന്റിന് ചെയ്യാൻ കഴിയുമോ? ഇപ്പോൾ കർണ്ണാടകയിൽ ഒരു ധാരണവന്നു. അങ്ങനെയൊരു ധാരണ ഇവിടെയുണ്ടാക്കാൻ പറ്റില്ല. അങ്ങനെ ധാരണയുണ്ടാക്കാൻ നോക്കുമ്പോൾ പറയുന്നതെന്താണ്? നിങ്ങൾ 50 - 50 എന്നുള്ള ധാരണയുണ്ടാക്കിവച്ചിട്ട് പിന്നെ എന്തിനാണ് compromise formula-യിലേക്ക് പോകുന്നതെന്നു പറയും. പിന്നെ ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ ഞങ്ങൾ ചെയ്തിട്ടുണ്ട്. മാനേജുമെന്റുകളെ മുഖ്യമന്ത്രി തന്നെ വിളിച്ചു. നല്ല പുരോഗതി ഉണ്ടായിട്ടുണ്ട്. ഇവിടെ ശ്രദ്ധിക്കപ്പെടേണ്ട ഒരു കാര്യം, മുഖ്യമന്ത്രി വിളിച്ചുചേർത്ത ആ ചർച്ചയിൽ ഉണ്ടായ ഒരു പുരോഗതി എന്നു പറയുന്നത്, ഇവിടെ ഏറ്റവും വലിയ പ്രശ്നം മെഡിസിന്റേതാണ്. എൻജിനീയറിംഗ് സീറ്റിൽ ഇപ്പോൾ തന്നെ കുട്ടികൾ ഇല്ലാത്ത സ്ഥിതിയാണുള്ളത്. മെഡിക്കൽ കോളേജുകളുള്ള എല്ലാ മാനേജുമെന്റുകളെയും മുഖ്യമന്ത്രി വിളിച്ചുകൂട്ടി പറഞ്ഞു, ഇക്കാര്യത്തിൽ ഞങ്ങളുടെ നിലപാട് ഇതാണ്. 50 ശതമാനം സീറ്റിൽ, മെരിറ്റിൽ, ഗവൺമെന്റ് ഫീസിൽ പഠിക്കാൻ സാധിക്കണം. അങ്ങനെയൊരു ധാരണ അവരുമായി ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. പക്കാ അറേഞ്ചുമെന്റ് എന്നു പറയുന്നത് വിധി വന്നിട്ടാകാം. ഇപ്പോൾ സ്കോളർഷിപ്പോ മറ്റോ നൽകി, ഗവൺമെന്റ് ഫീസ് കൊടുത്താൽ മതിയാകും, ആ സ്വഭാവത്തിലേക്ക്, സ്കോളർഷിപ്പ് കൊടുക്കാമെന്ന് അവർ തത്ത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. അതു വലിയൊരു മാറ്റമാണ്. ഇത്രയെങ്കിലും ആയല്ലോ. ഗവൺമെന്റിന്റെ ഓണസ്റ്റിയെക്കുറിച്ചു നിങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

മനസ്സിലാക്കേണ്ടതാണ്. മാനേജുമെന്റുകൾ വലിയ വാശിയിലായിരുന്നു. ഞങ്ങൾ ചർച്ച ചെയ്തു പിരിഞ്ഞതിന്റെ പിറ്റേ ദിവസം മുഖ്യമന്ത്രി അവരെ വീണ്ടും വിളിച്ചു. അത്രയും ഒരു ധാരണ അവരുമായി ഉണ്ടാക്കിയെടുക്കാൻ കഴിഞ്ഞു. ഇനി ബാക്കിയുണ്ടാക്കിയെടുക്കാം. മെഡിസിന്റെ കാര്യത്തിൽ ഉണ്ടാകുന്ന പ്രോബ്ലമൊന്നും എൻജിനീയറിംഗിന്റെ കാര്യത്തിൽ ഇല്ല. ഇവിടെനിന്നും പറഞ്ഞ മറ്റൊരു കാര്യം, ആവശ്യം നോക്കാതെ 'NOC for all' അങ്ങനെതന്നെ ഞങ്ങൾ കൈകാര്യം ചെയ്യും. 'NOC for all' എന്ന തത്വം ഒരു ഘട്ടത്തിൽ ഉണ്ടായിരുന്നു. പക്ഷേ, ഇപ്പോൾ ഗവൺമെന്റ് അങ്ങനെയല്ല. ഗവൺമെന്റ് അക്കാര്യത്തിൽ ഒരു തീരുമാനമെടുത്തു. എൻജിനീയറിംഗ് കോളേജിന്റെ ആവശ്യത്തെപ്പറ്റി ഒരു സർവ്വേ നടത്താതെ എൻജിനീയറിംഗ് കോളേജ് അനുവദിക്കുന്ന പ്രശ്നമില്ലെന്നു ഞങ്ങൾ തീരുമാനിച്ചു. ഈ പ്രാവശ്യം ഒന്നും കൊടുത്തില്ല. കൊടുക്കില്ല. നിങ്ങൾ പറഞ്ഞ കാര്യം ഞങ്ങൾ ഉൾക്കൊള്ളുകയാണ്. അതുപോലെ ബി.എഡ്.-ന്റെ കാര്യത്തിൽ എടുത്ത തീരുമാനമെന്നു പറയുന്നത്, എത്ര ബി.എഡ്. കോളേജ് വേണമെന്നുള്ളതിനെ സംബന്ധിച്ച് ഒരു സർവ്വേ നടത്തിയിട്ട് അതിന്റെ അടിസ്ഥാനത്തിൽ, ബോദ്ധ്യപ്പെട്ടാൽ മാത്രമേ കൊടുക്കൂ. അല്ലാതെ കൊടുക്കില്ല. അതിൻപ്രകാരമുള്ള അഫിഡവിറ്റ് കോടതിയിൽ കൊടുത്തു.

ശ്രീ. മത്തായി ചാക്കോ: ബി.എഡ്. കോളേജുകൾക്കുവേണ്ടി വന്ന എല്ലാ ആളുകൾക്കും എൻ.ഒ.സി. കൊടുക്കുന്ന ഒരു പുതിയ സമീപനം എടുത്തതിന്റെ ഭാഗമായി കോടതി ഇപ്പോൾ മാറ്റി പറഞ്ഞില്ലേ? സുപ്രീംകോടതിയുടെ ഇപ്പോൾ വന്നിട്ടുള്ള റിട്ടി പ്രകാരം എൻ.ഒ.സി. വേണ്ടെന്ന് അവർ പറഞ്ഞല്ലോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: ആ ഭയപ്പാട് വേണ്ട. കേരള ഗവൺമെന്റിന്റെ സഹായം ഇല്ലാതെ എൻ.സി.ടി.ഇ., എ.ഐ.സി.ടി.ഇ. അല്ലെങ്കിൽ യു.ജി.സി. പോലുള്ള സ്ഥാപനങ്ങൾ പറഞ്ഞാൽ, ഉടനെ കൊടുക്കണമെന്നുള്ള സമീപനം ഗവൺമെന്റ് മാറ്റും. ഗവൺമെന്റ് നിയമപരമായി അതിനാവശ്യമായ കാര്യങ്ങൾ ചെയ്യും. ഗവൺമെന്റിന് അങ്ങനെ ചെയ്യാൻ പറ്റില്ല. കാരണം, ഗവൺമെന്റിന് സേ ഉണ്ടാകണം. ഒരു സംസ്ഥാനത്ത് എത്ര വിദ്യാഭ്യാസ സ്ഥാപനം വേണം, എവിടെ വേണം എന്നു തീരുമാനിക്കാനുള്ള അവസാനത്തെ അതോറിറ്റി ഗവൺമെന്റുതന്നെയാണ്. എൻ.സി.ടി.ഇ.യ്ക്കോ എ.ഐ.സി.ടി.ഇ.യ്ക്കോ ഇവിടെ എത്ര ബി.എഡ്. കോളേജ് വേണം, എത്ര എൻജിനീയറിംഗ് കോളേജുകൾ വേണമെന്ന് തീരുമാനിക്കാൻ പറ്റില്ല. ഈ പറയുന്ന കാര്യങ്ങളെ സംബന്ധിച്ച് ഗവൺമെന്റ് വ്യക്തമായ സമീപനം എടുത്തിട്ടുണ്ട്. എഡ്യൂക്കേഷൻ മിനിസ്റ്റേഴ്സിന്റെ മീറ്റിംഗിൽ ഞാൻ പറഞ്ഞത്, ഈ റെഗുലേറ്ററി ബോഡീസിന്റെ പവർ റീ-ഡിഫൈൻ ചെയ്യണമെന്നാണ്. അവർക്ക് അങ്ങനെയൊരു പവർ ഉണ്ടാകാൻ പാടില്ല. എഡ്യൂക്കേഷൻതന്നെ കൺകറന്റ് ലിസ്റ്റിൽപ്പെട്ടതാണ്. സ്റ്റേറ്റിന്റെ അവകാശത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

അങ്ങനെ ഇടപെടാൻ പറ്റില്ല. നിയമത്തിൽ ലൂപ്പ്ഹോൾസുണ്ടെങ്കിൽ അതടയ്ക്കണം എന്നുതന്നെയാണ് വിദ്യാഭ്യാസ മന്ത്രിമാരുടെ യോഗത്തിൽ ഞാൻ പറഞ്ഞത്. ഈ വിധിയെ സംബന്ധിച്ച് ഗവൺമെന്റ് ആവശ്യമായിട്ടുള്ള നടപടികൾ എടുക്കും.

ശ്രീ. എ. എൻ. രാജൻബാബു: Courses affiliation-നെ സംബന്ധിച്ച് നമ്മൾ സ്റ്റാറ്റ്യൂട്ടറി ഓർഡിനൻസ് ഉണ്ടാക്കിയിട്ടുണ്ട്. അതനുസരിച്ച് ഏതു കോഴ്സിന്റെയും അഫിലിയേഷൻ സിൻഡിക്കേറ്റ് തീരുമാനിക്കുന്നത് 'with previous opinion of the Government' എന്നു പറഞ്ഞ് സ്റ്റാറ്റ്യൂട്ടിൽത്തന്നെ പ്രൊവിഷൻ കൊടുത്തിട്ടുണ്ട്. ആ ഒരു പ്രൊവിഷൻ കാണാതെയാണോ ഈ ജഡ്ജുമെന്റിലേക്കു വന്നതെന്ന് വ്യക്തമാക്കണം. ഈ സ്റ്റാറ്റ്യൂട്ടിൽത്തന്നെ `Affiliation may be given by the Syndicate with the previous opinion of the Government' എന്നു പറഞ്ഞിട്ടുണ്ട്. അങ്ങനെയാണ് നമ്മൾ എൻ.ഒ.സി. കൊടുക്കുന്നത്. ഈ സ്റ്റാറ്റ്യൂട്ടറി പ്രൊവിഷൻ കാണാതെയുള്ള ഒരു റിധിയാണോ ഇത് എന്നുള്ളതുംകൂടി പരിശോധിക്കണം.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: ജഡ്ജുമെന്റിന്റെ ഇംപ്ലിക്കേഷൻ എന്നു പറഞ്ഞാൽ എൻ.സി.ടി.ഇ. സാംഗ്ഷൻ ചെയ്യുമ്പോൾ ശ്രീ. രാജൻബാബു പറഞ്ഞതുപോലെ ഈ പറഞ്ഞതെല്ലാം ഉണ്ടാകും. യൂണിവേഴ്സിറ്റി കോഴ്സിന്റെ അഫിലിയേഷൻ എല്ലാം ഉണ്ടാകും. അതൊന്നും nullify ചെയ്തിട്ടില്ല. കോടതി എന്താണ് പറയുന്നതെന്നു വച്ചാൽ, ഇവിടെ എൻ.സി.ടി.ഇ. അംഗീകാരം കൊടുക്കുന്ന സമയത്ത് പല കണ്ടീഷൻസും പറയുന്നുണ്ട്. ആ പറയുന്ന കണ്ടീഷന്റെ കൂട്ടത്തിൽ ഒന്ന് സ്റ്റേറ്റ് ഗവൺമെന്റിന്റെ എൻ.ഒ.സി. കിട്ടണമെന്നുള്ളതാണ്. അതു ഇൻസിസ്റ്റ് ചെയ്യേണ്ടതില്ല എന്ന് അവർ പറഞ്ഞു. ആ പാർട്ടാണ് അവർ മാറ്റിയത്. മറ്റേതൊക്കെ നിലനിൽക്കുന്നുണ്ട്. ഇപ്പോഴും നമ്മുടെ കയ്യിൽ പിടിത്തമുണ്ട്. അതിൽ സംശയമില്ല.

ശ്രീ. മത്തായി ചാക്കോ: കോടതിവിധിയെ മറികടക്കാൻ ആവശ്യമായ കാര്യം ചെയ്യുമെന്ന് ഇവിടെ സൂചിപ്പിച്ചു. പക്ഷേ, എൻ.സി.ടി.ഇ.യുടെ നിബന്ധനകളിൽ ഗവൺമെന്റ് എൻ.ഒ.സി. മാറ്റിക്കഴിഞ്ഞാൽ ആർക്കും ഒന്നും ചെയ്യാൻ കഴിയില്ല. ഒരു യൂണിവേഴ്സിറ്റിക്ക് ഒരു കോളേജ് ആപ്ലിക്കേഷൻ തന്ന് അവർ ബി.എഡിന് ആവശ്യമായിട്ടുള്ള സ്ഥലവും കെട്ടിടവും ടീച്ചേഴ്സും എല്ലാ സൗകര്യവുമുണ്ടാക്കി. അങ്ങനെ വന്നാൽ ഒരു സർവ്വകലാശാലയ്ക്കും അതു നിഷേധിക്കാൻ പറ്റില്ല. അവർ കോടതിയിൽ പോകും. അതൊന്നും ബാധകമായിരിക്കുകയില്ല. ഗവൺമെന്റ് എൻ.ഒ.സി. എന്നു പറയുന്ന ഘടകം എടുത്തുകളഞ്ഞാൽ നാളെ ഇവിടെ ചവർപോലെ ബി.എഡ്. കോളേജുകൾ വരും.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: തീർച്ചയായും ശ്രീ. മത്തായി ചാക്കോ പറഞ്ഞതിനോടു ഞാൻ യോജിക്കുകയാണ്. അങ്ങനെ പറ്റില്ല. ഗവൺമെന്റ് എൻ.ഒ.സി. വേണം.

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോൾ എൻ.സി.ടി.ഇ. ഒരു തീരുമാനമെടുത്തു. എന്താണെന്നറിയാമോ? ബി.എഡ്. കോളേജുള്ള സ്ഥലത്ത് ടി.ടി.ഐ. വേണമെങ്കിൽ ഗവൺമെന്റ് എൻ.ഒ.സി. ആവശ്യമില്ലെന്ന്. അതുപ്രകാരം കേരളത്തിൽ ആരോ ഏഴോ മാനേജുമെന്റുകൾ, ഞങ്ങൾക്ക് ടി.ടി.ഐ. ക്ക് എൻ.സി.ടി.ഇ. സമ്മതം തന്നിട്ടുണ്ട് എന്നു പറഞ്ഞ് ഞങ്ങൾക്ക് എഴുതി. ഞങ്ങൾ പറഞ്ഞു, പറ്റില്ലെന്ന്. കൊടുക്കേണ്ട എന്നു തീരുമാനിച്ചു. ഞങ്ങൾ അവർക്ക് എഴുതാൻവേണ്ടി പോകുകയാണ്. ഇവരുടെ പവർ ശരിക്കും നോക്കിയിട്ട്, ആ വിധത്തിലുള്ള ഒരു പവർ ഇവർക്കുണ്ടെങ്കിൽ, അതു റീ-ഡിഫൈൻ ചെയ്ത്, ഇതിന് അന്തിമമായി വിധി പറയേണ്ടത് ഗവൺമെന്റ് തന്നെയാണെന്നുള്ള സ്വഭാവത്തിലേക്ക് നിയമഭേദഗതി കൊണ്ടുവരാനാവശ്യമായ കാര്യങ്ങളും ചെയ്യുന്നതാണ്. എം.ജി. യൂണിവേഴ്സിറ്റിയുടെ ഒരു കാര്യം ഇവിടെ പറഞ്ഞു, എം.ജി. യൂണിവേഴ്സിറ്റിയുടെ തീരുമാനത്തെ സംബന്ധിച്ചിടത്തോളം, നിങ്ങൾതന്നെയല്ലേ യൂണിവേഴ്സിറ്റിയുടെ അക്കാഡമിക് കാര്യത്തിൽ സർക്കാർ ഇടപെടരുതെന്ന് പറയുന്നത്. ആ നിങ്ങൾതന്നെയാണ് അവർ എടുക്കുന്ന തീരുമാനത്തിന്റെ വൈകല്യങ്ങളെ ചോദ്യം ചെയ്യുന്നതും. യൂണിവേഴ്സിറ്റി എന്താണ് ചെയ്തതെന്നു നോക്കാം. യൂണിവേഴ്സിറ്റി സെന്ററിൽ അവർക്ക് ചില ലോക്കൽ റിസർവ്വേഷൻ ഉണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതു സംബന്ധിച്ച് ഗവൺമെന്റ് അന്വേഷിച്ച് ആവശ്യമായ കാര്യങ്ങൾ ചെയ്യാം. ഈ ബില്ലിനെപ്പറ്റി ഇവിടെ പറഞ്ഞു. ഈ ബില്ലിൽ എൻ.ആർ.ഐ. ക്വാട്ടയുടെ പ്രൊവിഷനുണ്ട്. ഇവിടെ പറഞ്ഞ ഡെഫനിഷൻ, Dependants of NRI എന്നു തന്നെയാണ് ഇതിൽ പറഞ്ഞിട്ടുള്ളത്. ഒറിജിനൽ ആക്ടിൽ പറഞ്ഞിട്ടുള്ളത് 15 ശതമാനം സീറ്റ് dependants of NRI എന്നാണ് പറഞ്ഞിട്ടുള്ളത്. നിയമത്തിൽ അതാണ് പറഞ്ഞിട്ടുള്ളത്.

ശ്രീ. കെ. പി. രാജേന്ദ്രൻ: ഇപ്പോൾ അതിനകത്ത് വലിയ തോതിലുള്ള ഒരു ഭേദഗതി വരുത്തി, ആരെയും അതിൽ പെടുത്താവുന്ന വിധത്തിൽ. ഇവിടെ വ്യക്തമായിട്ടുള്ള നിർവ്വചനം വേണ്ടേ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: ഇപ്പോഴുള്ള നിർവ്വചനം ഇതാണ്. റീഡിഫൈൻ ചെയ്യണമെന്ന് പറഞ്ഞത് വേറൊരു ആക്ടിന്റെ ചർച്ചയിൽ നമ്മൾ കൊണ്ടുവരേണ്ട കാര്യമാണ്. ഇതിൽ പറഞ്ഞിട്ടു കാര്യമില്ല.

ശ്രീ. പി. ജയരാജൻ: ഈ ചർച്ചയിൽ വളരെ പ്രധാനമായി പല മെമ്പർമാരും ഉന്നയിച്ച വിഷയമാണ്. 2002-ൽ മെരിറ്റു സീറ്റിൽ പ്രവേശനം നേടിയിട്ടുള്ള കാരക്കോണം മെഡിക്കൽ കോളേജിലെ വിദ്യാർത്ഥികളുടെ പ്രശ്നം, ബഹുമാനപ്പെട്ട മന്ത്രി അതു സംബന്ധിച്ച് ഒന്നും പറഞ്ഞില്ല. ആ പ്രശ്നത്തിൽ ഇടപെട്ട് പരിഹരിക്കാനുള്ള വല്ല നടപടികളും സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: ഈ ഇഷ്യൂ മാറി മാറി ഓരോ കൊല്ലത്തിലും ഓരോ സ്ഥിതിയിലായിരുന്നു. ഇക്കൊല്ലം തോമസ് കമ്മീഷൻ, ... (ബഹളം) . . . . ഇതിനുമുമ്പ് ഇതുണ്ടായിരുന്നില്ല. പക്ഷേ, ഈ പ്രോബ്ലം ഞങ്ങളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മെഡിക്കൽ കോളേജിന്റെ നേരിട്ടുള്ള ഭരണപരമായ സംഗതിയല്ലെങ്കിലും ഗവൺമെന്റിന്റെ കൂട്ടുത്തരവാദിത്വം എന്നുള്ള നിലയിൽ ശ്രീ. പി. ജയരാജനും മറ്റു പല മെമ്പർമാരും പറഞ്ഞിരുന്നു. ഞങ്ങൾ അവരെ വിളിച്ചു സംസാരിക്കാൻ പോകുകയാണ്. ഈ ഇഷ്യൂ എന്താണെന്നു മനസ്സിലാക്കിയിട്ട് നാളെതന്നെ മീറ്റിംഗ് വിളിക്കാമെന്നു പറഞ്ഞിട്ടുണ്ട്. ശ്രീ. ടി. എം. ജേക്കബ് ഇവിടെ എൻ.ഒ.സി. എല്ലാവർക്കും കൊടുക്കുന്ന കാര്യത്തെപ്പറ്റി വിശദീകരിച്ചു കഴിഞ്ഞു. പിന്നെ മറ്റൊരു കാര്യം നിങ്ങളെല്ലാം പറഞ്ഞു, മാനേജുമെന്റുകൾക്ക് ഞങ്ങൾ കൂട്ടുനിൽക്കുന്നു, ഞങ്ങൾ മാനേജുമെന്റുമായി ഒത്തു രാജിയാകുന്നു, കോടതിയിൽ തോറ്റുകൊടുക്കുന്നു. ഇന്നത്തെ പത്രം വായിച്ചുനോക്കൂ. ഞാൻ ഇന്നലെ ഈ സഭയിൽ ഒരു കാര്യം പറഞ്ഞു. എന്താണ്? ബി.എഡ്. കോളേജിൽ മെറിറ്റു സീറ്റിലെ സെലക്ഷന്റെ കാര്യത്തിൽ ഞങ്ങൾ ഇക്കൊല്ലം നടാടെ ഒരു പരിഷ്കാരം കൊണ്ടുവന്നു. മാനേജുമെന്റുകൾ പറഞ്ഞു, അതു പറ്റില്ല. നിങ്ങൾ നീട്ടിവയ്ക്കണമെന്ന്. ഞങ്ങൾ പറഞ്ഞു, നീട്ടിവയ്ക്കാൻ പറ്റില്ല. കോടതിവിധിപ്രകാരം, ഇക്കൊല്ലം വേണ്ടെന്നു പറയാമായിരുന്നു. പക്ഷേ, ഞങ്ങൾ ചെയ്തില്ല. ഇക്കൊല്ലംതന്നെ ഞങ്ങൾ മെറിറ്റു സീറ്റിൽ ഗവൺമെന്റ് സെലക്ടു ചെയ്തുകൊടുക്കുമെന്നു പറഞ്ഞു. എൽ.ബി.എസ്സു. മായി തീരുമാനിച്ചു കൊടുത്തു. കൊടുത്തപ്പോൾ ചില മാനേജുമെന്റുകൾ പറഞ്ഞു, ഞങ്ങൾക്കു പറ്റില്ല എന്ന്. ചില വ്യാഖ്യാനങ്ങളൊക്കെ അവർ കൊണ്ടുവന്നു. അവർ കോടതിയിൽ കേസ് കൊടുത്തു. ആ കേസിനെ സംബന്ധിച്ച് ഞാൻതന്നെ പേഴ്സണലായി അഡ്വക്കേറ്റിനെ വിളിച്ച് സംസാരിച്ചു. ഞങ്ങൾ ഇവർക്കു നോട്ടീസ് കൊടുത്തു. ഗവൺമെന്റിന്റെ ഡയറക്ട് പേമെന്റ് എഗ്രിമെന്റിലെ ക്ലാസ്സ് നിങ്ങൾ വയലേറ്റു ചെയ്യുകയാണെങ്കിൽ, നിങ്ങളുടെ പേരിൽ ഡയറക്ട് പേമെന്റ് എഗ്രിമെന്റ് വയലേറ്റു ചെയ്തതിന് കേസ് എടുക്കുമെന്നു മാത്രമല്ല നിങ്ങളുടെ അഫിലിയേഷൻ പിൻവലിക്കുന്നതടക്കമുള്ള കാര്യങ്ങൾ ഗവൺമെന്റ് ചെയ്യുമെന്നു പറഞ്ഞ് നോട്ടീസ് കൊടുത്തു. അപ്പുറത്ത് ഇവർക്കും നോട്ടീസ് കൊടുത്തു. ഇപ്പോൾ admission നടന്നുകൊണ്ടിരിക്കുകയാണ്. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഇത്തരം കാര്യങ്ങളിൽ ഒരു ഒളിച്ചുകളിയുടെയും പ്രശ്നമില്ല.

ഡോ. കെ. സി ജോസഫ്: ബി.എഡ്. കോളേജിൽ നിങ്ങൾ എടുത്തിരിക്കുന്ന സ്റ്റാന്റ് വളരെ നന്നായി. അതുപോലെ ഗവൺമെന്റിന്റെ നയത്തിനെതിരായി പ്രവർത്തിക്കുന്ന സ്വാശ്രയ മാനേജുമെന്റുകളുടെ അഫിലിയേഷൻ റദ്ദാക്കുന്ന നടപടിയുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുമെന്ന് എന്തുകൊണ്ട് അങ്ങേയ്ക്ക് പറഞ്ഞുകൂടാ?

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ വകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):* അതെല്ലാം implied ആണ് ഡോ. കെ. സി. ജോസഫ്.

ശ്രീ. പി. സി. ജോർജ്ജ്: അങ്ങ് ഇപ്പോൾ ബി.എഡ്. കോളേജിന്റെ കാര്യത്തിലെടുത്ത സമീപനത്തെ ഒരു മടിയും കൂടാതെ ഞാൻ അഭിനന്ദിക്കുകയാണ്. അങ്ങ് ഇപ്പോൾ എടുത്ത ഈ സമീപനം സ്വാശ്രയ എഞ്ചിനീയറിംഗ് മാനേജുമെന്റുകളോടും മെഡിക്കൽ കോളേജ് മാനേജുമെന്റുകളോടും ഈ ഗവൺമെന്റ് നേരത്തെ സ്വീകരിച്ചിരുന്നെങ്കിൽ അങ്ങ് ഇപ്പോൾ ബി.എഡ്. പ്രശ്നം പരിഹരിച്ചതുപോലെ ഈ പ്രശ്നങ്ങളും പരിഹരിക്കാൻ കഴിയുമായിരുന്നില്ലേ? എന്തുകൊണ്ട് അത് ചെയ്തില്ല?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: ഞാൻ ഒരു കാര്യം പറയാം. എല്ലാപേർക്കും അറിയാവുന്ന ചില യാഥാർത്ഥ്യങ്ങളുണ്ട്. ശ്രീ. ടി. എം. ജേക്കബ് അഭിപ്രായ സമന്വയത്തിന്റെ കാര്യം ഇവിടെ പറഞ്ഞു. അത് ആവശ്യമാണ്. വഴിവിട്ട് പ്രവർത്തിക്കുന്ന മാനേജുമെന്റുകളെ നിയന്ത്രിക്കുന്നതിന് കൂട്ടായ ഒരു പരിശ്രമത്തിലൂടെ ഒരു അഭിപ്രായ സമന്വയമുണ്ടാക്കാൻ പരിശ്രമിക്കാം. പ്ലസ് ടു അഡ്മിഷന്റെ കാര്യത്തിൽ മെറിറ്റ് സീറ്റിൽ അഡ്മിഷൻ കിട്ടിയ ചില കുട്ടികളിൽനിന്ന് മാനേജുമെന്റുകൾ കാശ് വാങ്ങുന്നതായി പരാതി ലഭിച്ചു. ഈ സഭയിലെയും പല അംഗങ്ങളും പറഞ്ഞു. അപ്പോൾ ഞാൻതന്നെ ഒരു മീറ്റിംഗ് വിളിച്ചുകൂട്ടി രണ്ട് കാര്യങ്ങൾ പറഞ്ഞു. പി.ടി.എ.-യുടെ പേരിൽ ഫണ്ടുണ്ട്, അതുപയോഗിക്കാൻ പറഞ്ഞു. അവർ പറ്റില്ലെന്നു പറഞ്ഞു. അതുതീരുമാനിച്ച് സർക്കുലർ ഇഷ്യു ചെയ്യാൻ പോകുകയാണ്. അതുപോലെതന്നെ 10 ശതമാനം സീറ്റ് വർദ്ധിപ്പിച്ചുകൊടുത്തു. അപ്പോൾ ചില മാനേജുമെന്റുകൾ നമുക്ക് അതിൽ പോർഷൻ കിട്ടിയില്ലെന്നു പറഞ്ഞു. ഞങ്ങൾ പറഞ്ഞു അതില്ല. ഈ പത്ത് ശതമാനം കൂടാതെ marginal increase മെറിറ്റ് സീറ്റിനുമാത്രമായിട്ട് കൊടുത്തു. അപ്പോൾ ഇത്തരം കാര്യങ്ങൾ ചെയ്യുന്നതിന് ഗവൺമെന്റിന് യാതൊരു മടിയുമില്ല. യാതൊരുവിധത്തിലുള്ള ഒളിച്ചുകളിയുമില്ല. ക്യാപ്പിറ്റേഷൻ ഫീസ് നിർത്തലാക്കണമെന്ന കാര്യത്തിൽ, ഇപ്പോൾ ക്യാപ്പിറ്റേഷൻ ഫീസ് നിരോധിച്ചുകൊണ്ടുള്ള ഒരു നിയമമാണുള്ളത്. എന്നിട്ടുപോലും അത്തരം കാര്യങ്ങൾ നടക്കുമ്പോൾ അത് curb ചെയ്യാനാവശ്യമായ പരിശ്രമങ്ങൾ നടത്തുന്നുണ്ട്. ഇവിടെ ശ്രീ. സുധാകരൻ പറഞ്ഞു, സുപ്രീംകോടതിയുടെ വിധി—ജഡ്ജിമാരുടെ നേതൃത്വത്തിലല്ലേ സെലക്ഷൻ നടത്തുന്നതെന്ന്. ഇതൊക്കെ ഈ നിയമം വരുന്നതിനുമുൻപുള്ള വിധിയാണ്. ഇപ്പോൾ ക്യാപ്പിറ്റേഷൻ ഫീസ് നിരോധിച്ചുകൊണ്ടുള്ള നിയമം വന്നാൽ മാനേജുമെന്റിന് ഒരു സെലക്ഷൻ പ്രോസ്സസ് പറഞ്ഞിട്ടുണ്ട്. ആ പറഞ്ഞ നിയമത്തിൽ ഇതില്ല. ഇസ്ലാമിക് അക്കാഡമി കേസിലുണ്ടായ ഒരു സ്കീമിനെക്കുറിച്ചാണ് പറഞ്ഞത്. അതിനുശേഷമാണ് നിയമം വന്നത്. പിന്നെ

LIBRARY ARCHIVES Kerala Legislative Assembly

9-ാം ഷെഡ്യൂളിൽപ്പെടുത്താനാവശ്യമായ കാര്യങ്ങൾ കൂട്ടായി ചെയ്യേണ്ടതുണ്ട്. നിങ്ങൾക്കറിയാം; കേന്ദ്രമന്ത്രിയുടെ പ്രസ്താവന പത്രത്തിൽ വന്നിരുന്നു. നമുക്ക് നോട്ടും തന്നിട്ടുണ്ട്. ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് നമുക്ക് തന്ന നോട്ടിന്റെ ആദ്യഭാഗത്ത് പറയുന്നത് കേരളാ ഗവൺമെന്റ് ഒൻപതാം ഷെഡ്യൂളിൽപ്പെടുത്താനാവശ്യമായ കാര്യം പറഞ്ഞിട്ടുണ്ടെന്നാണ്. കേന്ദ്ര ഗവൺമെന്റ് തന്ന നോട്ട് ഓപ്പൺ ഡോക്യുമെന്റാണ്. അത് എല്ലാപേർക്കും തരാം. ഒൻപതാം ഷെഡ്യൂളിൽപ്പെടുത്തുകയെന്നുള്ളത്— ഇറിടെനിന്നും പാസ്സാക്കിയാലുടനെ ഇതിൽ പെടുത്തുകയില്ല. അതിനെപ്പറ്റിയൊക്കെ അറിയാവുന്ന ആളുകളാണ് അപ്പുറത്തിരിക്കുന്നവർ. നമ്മൾ നമ്മുടെ ജോലി ചെയ്യുന്നു, തുടർച്ചയായി നമ്മൾ അതിനെക്കുറിച്ച് സംസാരിച്ചുകൊണ്ടിരിക്കുന്നു ഒൻപതാം ഷെഡ്യൂളിൽപ്പെടുത്തുന്നതിനുള്ള പരിശ്രമം നടത്തിക്കൊണ്ടിരിക്കുന്നു.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർവ്വകക്ഷി മീറ്റിംഗിലുണ്ടായ ഒരു പൊതുധാരണ ഒരു ആൾ പാർട്ടി ഡെലിഗേഷൻ ഡൽഹിയിൽപ്പോയി ജോയിന്റായിട്ടുള്ള ഒരു നിവേദനം കൊടുക്കാൻ, പാർലമെന്റ് മെമ്പർമാരെ പരമാവധി ഇടപെടീക്കാൻ ശ്രമിക്കാമെന്ന് പറഞ്ഞിരുന്നു. ആ ഒരു തീരുമാനത്തെക്കുറിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചോ?

[ചെയറിൽ മി. സ്പീക്കർ]

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: അത് ഉടനെ ചെയ്യാം. ആദ്യം ജോയിന്റ് മെമ്മോറാണ്ടം ഡ്രാഫ്റ്റായി നിങ്ങൾക്ക് തരുന്നുണ്ട്. അതുകഴിഞ്ഞതിനുശേഷം ജോയിന്റ് ഡെലിഗേഷനായി പോകാം. ഏതായാലും ഇത്രയും കാര്യങ്ങളേ എനിക്ക് പറയാനുള്ളു. ഇതിൽ എല്ലാവരുടേയും സഹകരണം പ്രതീക്ഷിച്ചു കൊണ്ട് ഞാൻ നിർത്തുകയാണ്.

മി. സ്പീക്കർ: ശ്രീ. പി. ജയരാജൻ അങ്ങയുടെ നിരാകരണ പ്രമേയം പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. പി. ജയരാജൻ: ഞാൻ പ്രസ് ചെയ്യുന്നില്ല.

നിരാകരണപ്രമേയം നിരാകരിക്കപ്പെട്ടിരിക്കുന്നു.

മി. സ്പീക്കർ: ശ്രീ. മോയിൻകുട്ടി അങ്ങയുടെ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. മോയിൻകുട്ടി: പ്രസ് ചെയ്യുന്നില്ല.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടിരിക്കുന്നു.

മി. സ്പീക്കർ: ശ്രീ. പി. എസ്. സുപാൽ അങ്ങയുടെ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. പി. എസ്. സുപാൽ: ഞാൻ പ്രസ് ചെയ്യുന്നു, പോൾ ആവശ്യപ്പെടുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ - 30

1. ശ്രീ. വി. എസ്. അച്ചുതാനന്ദൻ
2. ,, വി. കെ. ചന്ദ്രൻ
3. ,, വി. ചെന്താമരാക്ഷൻ
4. ,, ടി. കെ. ദേവകുമാർ
5. ,, പി. സി. ജോർജ്
6. ,, കെ. കെ. ജയചന്ദ്രൻ
7. ,, എം. വി. ജയരാജൻ
8. ,, ടി. എം. ജേക്കബ്
9. ,, ജോണി നെല്ലൂർ
10. ,, പി. ജയരാജൻ
11. ഡോ. കെ. സി. ജോസഫ്
12. ശ്രീ. എം. കുമാരൻ
13. ,, കെ. വി. കുഞ്ഞിരാമൻ
14. ,, കോവൂർ കുഞ്ഞുമോൻ
15. ,, മത്തായി ചാക്കോ
16. ,, കെ. പി. മോഹനൻ
17. ,, എ. സി. മൊയ്തീൻ
18. ,, പിരപ്പൻകോട് മുരളി
19. ,, സി. കെ. നാണു
20. ,, പി. നാരായണൻ
21. ,, എം. പ്രകാശൻ മാസ്റ്റർ
22. ,, കെ. രാധാകൃഷ്ണൻ
23. ,, മാങ്കോട് രാധാകൃഷ്ണൻ
24. ,, എൻ. രാജൻ
25. ,, കെ. പി. രാജേന്ദ്രൻ
26. ,, രാജു എബ്രഹാം
27. ,, സാജു പോൾ

LIBRARY ARCHIVES Kerala Legislative Assembly

28. ശ്രീ. കെ. പി. സതീശ് ചന്ദ്രൻ
29. ,, ഷിബു ബേബി ജോൺ
30. ,, പി. എസ്. സുപാൽ

പ്രതികൂലിക്കുന്നവർ - 59

1. ശ്രീ. ചെർക്കളം അബ്ദുള്ള
2. ,, പി. കെ. അബ്ദുറബ്ബ്
3. ,, സി. ടി. അഹമ്മദ് അലി
4. ,, ഇ. എം. അഗസ്തി
5. ,, കെ. ബാബു
6. ,, ബാബു ദിവാകരൻ
7. ,, പി. കെ. കെ. ബാവ
8. ,, കെ. എ. ചന്ദ്രൻ
9. ,, ഡൊമനിക് പ്രസന്റേഷൻ
10. ,, പി. പി. ജോർജ്
11. ,, ജോർജ് ജെ. മാത്യു
12. ശ്രീമതി കെ. ആർ. ഗൗരിയമ്മ
13. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
14. ,, ഇസ്ഹാക് കുരിക്കൾ
15. ,, കെ. സി. ജോസഫ്
16. ,, ജോസഫ് എം. പുതുശ്ശേരി
17. ,, പി. ജെ. ജോയി
18. ,, ഉമ്മൻ ചാണ്ടി
19. ,, എം. കെ. പോൾസൺ മാസ്റ്റർ
20. ,, അടൂർ പ്രകാശ്
21. ,, ജി. പ്രതാപവർമ്മ തമ്പാൻ
22. ,, വക്കം പുരുഷോത്തമൻ
23. ,, തിരുവഞ്ചൂർ രാധാകൃഷ്ണൻ
24. ,, ടി. യു. രാധാകൃഷ്ണൻ
25. ,, എം. വി. രാഘവൻ

LIBRARY ARCHIVES Kerala Legislative Assembly

26. ശ്രീ. വർക്കല കഹാർ
27. ,, ജി. കാർത്തികേയൻ
28. ,, കെ. എൻ. എ. ഖാദർ
29. ,, കെ. കെ. നായർ
30. ,, പി. കെ. കുഞ്ഞാലിക്കുട്ടി
31. ഡോ. എം. എ. കുട്ടപ്പൻ
32. ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി
33. ,, സി. മമ്മൂട്ടി
34. ,, കെ. എം. മാണി
35. ,, ഇ. ടി. മുഹമ്മദ് ബഷീർ
36. ,, കെ. മോഹൻകുമാർ
37. ,, എ. കെ. മണി
38. ,, സി. മോയിൻകുട്ടി
39. ,, ആര്യാടൻ മുഹമ്മദ്
40. ,, എം. കെ. മുനീർ
41. ,, കെ. കെ. ഷാജു
42. ,, സ്റ്റീഫൻ ജോർജ്
43. ,, കെ. സുധാകരൻ
44. ,, സി. എഫ്. തോമസ്
45. പ്രൊഫ. കെ. വി. തോമസ്
46. ശ്രീ. എ. എൻ. രാജൻ ബാബു
47 ,, കെ. കെ. രാമചന്ദ്രൻ മാസ്റ്റർ
48. ,, യു. സി. രാമൻ
49. ,, തമ്പാനൂർ രവി
50. ,, റോഷി അഗസ്റ്റിൻ
51. ,, ടി. പി. എം. സാഹിർ
52. ,, വി. ഡി. സതീശൻ
53. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
54. ശ്രീ. തോമസ് ചാഴികാടൻ
55. ,, തോമസ് ഉണ്ണിയാടൻ

LIBRARY ARCHIVES Kerala Legislative Assembly

56. ശ്രീ. ഉമേഷ് ചള്ളിയിൽ
57 ,, എം. എ. വാഹീദ്
58. ,, കെ. സി. വേണുഗോപാൽ
59. ,, ബി. വിജയകുമാർ

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

മി. സ്പീക്കർ:

അനുകൂലിക്കുന്നവർ—30

പ്രതികൂലിക്കുന്നവർ—59

ഭേദഗതി നിരാകരിക്കപ്പെട്ടിരിക്കുന്നു.

2005-ലെ കേരള സെൽഫ് ഫൈനാൻസിംഗ് പ്രൊഫഷണൽ കോളേജസ് (പ്രൊഹിബിഷൻ ഓഫ് ക്യാപ്പിറ്റേഷൻ ഫീസ് ആന്റ് പ്രൊസീജിയർ ഫോർ അഡ്മിഷൻ ആന്റ് ഫിക്സേഷൻ ഓഫ് ഫീസ്) അമെന്റുമെന്റ് ബിൽ സാമൂഹ്യക്ഷേമം എന്ന VI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു,

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

(2) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2004-ലെ കേരള വനേതര പ്രദേശങ്ങളിൽ വൃക്ഷം വളർത്തൽ പ്രോത്സാഹന ബിൽ

റവന്യൂവും നിയമവും വകുപ്പുമന്ത്രി *(ശ്രീ. കെ. എം. മാണി):* സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2004-ലെ കേരള വനേതര പ്രദേശങ്ങളിൽ വൃക്ഷം വളർത്തൽ പ്രോത്സാഹന ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

[ചെയറിൽ ശ്രീ. തോമസ് ചാഴികാടൻ]

ഊർജ്ജ വകുപ്പുമന്ത്രി *(ശ്രീ. ആര്യാടൻ മുഹമ്മദ്):* ഞാൻ പിൻതാങ്ങുന്നു.

മി. സ്പീക്കർ: മന്ത്രിക്ക് എന്തെങ്കിലും സംസാരിക്കാനുണ്ടോ?

ശ്രീ. കെ. എം. മാണി: സംസാരിക്കണമെന്ന് ആഗ്രഹിക്കുന്നില്ല. വേഗം നമുക്ക് ഇത് പാസ്സാക്കേണ്ടതായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly